# LAITY VOICE

Syro Malabar Major Archiepiscopal Church

Commission for Laity

MAY 2012

Volume: 2 No: 11




# കർദിനാൾ വിതയത്തിൽ ഫൗണ്ടേഷൻ ഉദ്ഘാടനം ചെയ്തു



*മാർ വർക്കി വിതയത്തിലിന്റെ സ്മരണയ്ക്കായി രൂപം നൽകിയിരിക്കുന്ന കർദ്ദിനാൾ വിതയത്തിൽ ഫൗണ്ടേഷന്റെ ഉദ്ഘാടനം എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിക്കുന്നു. റവ.ഡോ.ജോയി പൂണേലിൽ, അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഫാ. ആന്റണി കരിയിൽ സി.എം.ഐ., വി.വി.അഗസ്റ്റിൻ, മാർ മാത്യു അറയ്ക്കൽ, സാബു ജോസ്, പൊതുമരാമത്ത് വകുപ്പ് മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞ്, സെബാസ്റ്റ്യൻ വടശ്ശേരി, ഡോ.കെ.എസ്.രാധാകൃഷ്ണൻ, ഫാ.ജോയിസ് കൈതക്കോട്ടിൽ, പ്രൊഫ.വി.ജെ.പാപ്പു, അഡ്വ.ജോസ് വിതയത്തിൽ എന്നിവർ സമീപം.*

കൊച്ചി: സീറോ മലബാർ സഭയുടെ തലവനും പിതാവുമായിരുന്ന കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ സ്മരണയ്ക്കായി സുഹൃത്തുക്കളും ബന്ധുക്കളും ചേർന്ന് രൂപം നൽകിയിരിക്കുന്ന "കർദ്ദിനാൾ വിതയത്തിൽ ഫൗണ്ടേഷൻ" ഉദ്ഘാടനം സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി നിർവ്വഹിച്ചു. കൻമഷം കണികപോലുമില്ലാത്ത സുതാര്യമായ ചിന്തയുടേയും വ്യക്തിത്വത്തിന്റേയും ഉടമയായിരുന്നു കർദ്ദിനാൾ വിതയത്തിൽ. ഹൃദയം തുറന്ന് സംസാരിക്കുകയും ഇടപെടുകയും ചെയ്തതിലൂടെ ഏതു പ്രതിസന്ധിഘട്ടത്തേയും ഭംഗിയായി പരിസമാപ്തിയിലെത്തിച്ചിരുന്നു അദ്ദേഹം. ദൈവം ഓരോ മനുഷ്യനേയും ഓരോ സന്ദേശവുമായാണ് അയയ്ക്കുന്നതെന്നും തന്റെ ദൗത്യവും സന്ദേശവും തിരിച്ചറിഞ്ഞ് മനുഷ്യസമൂഹത്തിന് പൊതുവേയും ക്രൈസ്തവസഭയ്ക്കും സ്നേഹവും കാരുണ്യവും നൽകിയ കർദ്ദിനാൾ വിതയത്തിലിന്റെ നാമം അനശ്വരമാകുമെന്ന് മാർ ആലഞ്ചേരി കൂട്ടിച്ചേർത്തു.

മാർ വിതയത്തിലിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് അനുസ്മരണ

(ശേഷം മൂന്നാം പേജിൽ....)

## സീറോ മലബാർ സഭ
## അല്മായ ദ്വിദിന ദേശീയ നേതൃസമ്മേളനം കൊച്ചിയിൽ

കൊച്ചി: സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അല്മായ ദ്വിദിന ദേശീയ നേതൃസമ്മേളനം ജൂൺ 2,3 തീയതികളിൽ സഭാ ആസ്ഥാനമായ കൊച്ചി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ചേരുന്നതാണ്. സഭയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലുള്ള കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ രൂപതകൾക്കു പുറമെ കല്യാൺ (ബോംബെ), ഫരീദാബാദ് (ഡൽഹി) എന്നീ മിഷൻ രൂപതകളിൽ നിന്നും, ബാംഗ്ലൂർ, ചെന്നൈ, ഹൈദ്രാബാദ് തുടങ്ങി ഇന്ത്യയിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽനിന്നുമുള്ള അല്മായ പ്രതിനിധികൾ പങ്കെടുക്കും.

രണ്ടാം തീയതി ശനിയാഴ്ച രാവിലെ 10ന് ദ്വിദിന അല്മായ സമ്മേളനത്തിന് തുടക്കമാകും. അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിക്കും. അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ സമ്മേളന ആമുഖവും പ്രവർത്തനരേഖയും നാളികേര ബോർഡ് ചെയർമാൻ ടി.കെ.ജോസ് ഐ.എ.എസ്. മുഖ്യപ്രബന്ധവും അവതരിപ്പിക്കും. മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അല്മായ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യും. ദേശീയ അന്തർദേശീയ തലങ്ങളിലെ സീറോ മലബാർ സഭയുടെ പ്രവർത്തനങ്ങൾ, അല്മായ നേതൃത്വവും വെല്ലുവിളികളും, അന്തർദേശീയ ജോലി, കാർഷിക കുടിയേറ്റങ്ങൾ, ജീവന്റെ സംരക്ഷണത്തിനായുള്ള കർമ്മപദ്ധതികൾ,

(ശേഷം മൂന്നാം പേജിൽ....)

എന്റെ ചർമ്മം അഴുകി ഇല്ലാതായാലും എന്റെ മാംസത്തിൽ നിന്നു ഞാൻ ദൈവത്തെ കാണും (ജോബ് 19:26).

# “അല്മായർ സഭയുടെ ~~സ്ഥാപനങ്ങളുടെ~~ സംരക്ഷകർ”

രണ്ടായിരത്തിലേറെ വർഷങ്ങളുടെ വിശ്വാസ പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിക്കുന്ന ക്രൈസ്തവ സഭ ഒട്ടനവധി പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും അതിജീവിച്ചുകൊണ്ടാണ് മൂന്നാം സഹസ്രാബ്ദത്തിലൂടെ മുന്നോട്ടു നീങ്ങുന്നത്. വിശ്വാസ സംരക്ഷണത്തിനായി ജീവൻ ഹോമിക്കുകയും ജീവിതം മാറ്റിവയ്ക്കുകയും ചെയ്ത പുണ്യാത്മാക്കളുടെ ചരിത്രവും സ്മരണകളും ഇന്നിന്റെ തലമുറയ്ക്ക് സഭാ പ്രവർത്തനങ്ങളിൽ ആത്മധൈര്യവും ആവേശവും പകരുന്നു. നിരന്തരമായ മതപീഢനങ്ങളിലും തളരാതെ മുന്നേറുവാനുള്ള ഉൾക്കരുത്തും ഉറച്ച വിശ്വാസവും ഏറ്റുചൊല്ലി പങ്കുവെച്ച പൂർവ്വീകരുടെ വിശ്വാസത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും തണലിലാണ് നാമിന്ന് മുന്നോട്ടു നയിക്കപ്പെടുന്നത്.

എ.ഡി.52-ൽ ക്രിസ്തു ശിഷ്യനായ മാർത്തോമ്മാശ്ലീഹായിലൂടെ മാനസാന്തരത്തിന്റെ വഴികൾ തേടി, ക്രിസ്തീയാനുഭവത്തിന്റെ പാതകൾ വെട്ടിത്തുറന്ന് നൂറ്റാണ്ടുകളുടെ പോരാട്ടത്തിലൂടെ ഈ മണ്ണിൽ വേരുറപ്പിച്ച നസ്രാണി സമൂഹമാണ് ഇന്നത്തെ സീറോ മലബാർ സഭ. നയിക്കുവാൻ പിതാക്കന്മാരോ, ആത്മീയ ഉണർവ്വേകാൻ വൈദികരോ, സന്യാസിനിമാരോ പഠിക്കുവാൻ വിദ്യാലയങ്ങളോ, വേദപാഠക്ലാസുകളോ ഇല്ലാതിരുന്ന കാലത്തും മാർത്തോമ്മായുടെ മക്കളുടെ മഹത്വം നിറഞ്ഞുപ്രകാശിച്ചത് അടിയുറച്ച ദൈവവിശ്വാസത്തിലും രാവിലെയും വൈകിട്ടും പങ്കുവെച്ച് പ്രാർത്ഥിച്ച 34 കൂട്ടം നമസ്കാരങ്ങളിലുമാണ്. **ജീവിതത്തിന്റെ നെട്ടോട്ടത്തിൽ പട്ടിണിയുടെ കാലത്തും ദൈവത്തെ മുറുകെപ്പിടിച്ച് മുണ്ട് വലിച്ചുമുറുക്കിയുടുത്ത് പമ്പാനദിക്കും ഭാരതപ്പുഴയ്ക്കുമിടയിൽ നിന്ന് നസ്രാണി സമൂഹം, മലമേടുകളിലേക്ക് ചവിട്ടിക്കയറിയപ്പോഴും, അവിടെ മണ്ണിൽ പൊന്നുവിളയിക്കുവാൻ മലമ്പാമ്പിനോടും മലമ്പനിയോടും മല്ലിട്ടപ്പോഴും ശക്തിയും കരുത്തും കാവലും പകർന്നേകിയത് ദൈവിക കരങ്ങളുടെ താങ്ങുമാത്രമായിരുന്നുവെന്നത് ഇന്നത്തെ സമ്പൽ സമൃദ്ധിയുടെ ലോകത്ത് പലരും വിസ്മരിക്കുന്നു.** പള്ളിയോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് നിസ്വാർത്ഥ സേവനംചെയ്ത മിഷനറിമാർ, ചെന്ന സ്ഥലങ്ങളിലെല്ലാം സഭാക്കളെ സ്വന്തം കൂടപ്പിറപ്പുകളായിക്കണ്ട് പ്രവർത്തിച്ച വൈദികർ, ആത്മാർത്ഥ സ്നേഹത്തിന്റെ, നിസ്വാർത്ഥ സേവനത്തിന്റെ അനുപമമായ ആദർശശുദ്ധിയുടെ ഉത്തമ ഉദാഹരണങ്ങളായ പൂർവ്വപിതാക്കന്മാരുടെ നന്മകളുടെ ഗുണഫലങ്ങൾ ഏറ്റുവാങ്ങുവാൻ ഭാഗ്യം സിദ്ധിച്ച മക്കളാണ് ഇന്നിന്റെ തലമുറയെന്നത് പലരും മറന്നുപോകുന്നു. സഭയുടെ രാഷ്ട്രീയ സാമൂഹിക ഇടപെടലുകളിലെയും വിശ്വാസികളോടുള്ള കാഴ്ചപ്പാടുകളിലെയും ആത്മീയതയും, നന്മയും, പവിത്രതയും കാലങ്ങൾ മാറിയപ്പോൾ കൈമോശം വന്നുവോ എന്ന സംശയം പല കോണുകളിലുമുണ്ട്.

സഭാസംവിധാനത്തോടുള്ള വിശ്വാസിസമൂഹത്തിന്റെ പ്രത്യേകിച്ച്, അല്മായരുടെ നിലപാടുകളും കാഴ്ചപ്പാടുകളും ഇന്ന് കൂടുതൽ പഠനവിഷയമാക്കേണ്ടിയിരിക്കുന്നു. സ്ഥാപനങ്ങളുടെ നടത്തിപ്പിനുവേണ്ടിയാണോ സഭയെന്ന ചിന്തയും പല തലങ്ങളിലും ഉയർന്നുവന്നിട്ടുണ്ട്. സഭാസ്ഥാപനങ്ങളിലൂടെ വർഷിക്കപ്പെടുന്ന നന്മകളെക്കുറിച്ചും അല്മായ സമൂഹത്തിൽ ഉണ്ടായ വളർച്ചയെക്കുറിച്ചും സാമൂഹിക ഉയർച്ചയെക്കുറിച്ചും ബോധ്യപ്പെടുത്തുന്നതിൽ നാം പരാജയപ്പെട്ടുവോ?

> **സർക്കാരിന്റെ എതിർപ്പുകൾ വരുമ്പോഴും, പ്രത്യയശാസ്ത്രത്തിന്റെ അധിനിവേശത്തിലും സ്ഥാപനങ്ങൾക്കു കാവൽ കിടക്കുന്ന ചാവേറുകൾക്കപ്പുറം സഭാമക്കൾക്ക് എന്തു പങ്കാളിത്തമാണ് പലപ്പോഴും ക്രൈസ്തവ സ്ഥാപനങ്ങളിലുള്ളത്?**

ക്രൈസ്തവ സഭയുടെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ വലിയ സേവനങ്ങളെ അടച്ചാക്ഷേപിക്കാനും അഭിവന്ദ്യ പിതാക്കന്മാരേയും, വൈദിക സന്യസ്തരേയും അവഹേളിക്കുവാനും സഭാവിരുദ്ധ കേന്ദ്രങ്ങൾ ശ്രമിക്കുമ്പോൾ, നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുകയും അങ്ങനെ കുടുംബങ്ങൾ കരുപിടിപ്പിക്കുകയും, വിദ്യാഭ്യാസം നടത്തി ഉന്നതനിലയിലെത്തുകയും ചെയ്തിട്ടുള്ളവരുടെ മൗനം വേദനയുണർത്തുന്നു. **നന്മകൾ മുഴുവൻ വാരിപ്പുണർന്നിട്ട് സഭാശുശ്രൂഷകളെ അവഹേളിക്കുന്നവരുടെ പക്ഷം ചേരുന്നവരുടെ എണ്ണം പെരുകുമ്പോൾ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലെ ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് ഒരു ആത്മശോധന അത്യാവശ്യമാണ്.**

ക്രൈസ്തവ സ്ഥാപനങ്ങളിലെ ക്രിസ്തീയ മൂല്യത കൈമോശം വന്നുവോ? അല്മായ സമൂഹത്തിന്റെ പിന്തുണയും പിൻബലവും നഷ്ടപ്പെട്ടുവോ? സഭാ സ്ഥാപനങ്ങളിൽ വിശ്വാസിസമൂഹം വെറും നോക്കുകുത്തികളോ? വരും നാളുകളിൽ കൂടുതൽ പ്രക്ഷുബ്ധമാകാവുന്ന ഇന്നത്തെ ഒരു താത്കാലിക രാഷ്ട്രീയ-ഭരണ നിശബ്ദതയുടെ ലോകത്ത് നാം സഞ്ചരിക്കുമ്പോൾ ബുദ്ധിപൂർവ്വമായ നീക്കങ്ങൾ നടത്തി നയങ്ങളും പ്രവർത്തനരീതികളും രൂപപ്പെടുത്തുന്നില്ലെങ്കിൽ വരും നാളുകളിൽ വലിയ പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടി വരാം. ക്രൈസ്തവ വിദ്യാഭ്യാസ ആരോഗ്യമുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിലെ ക്രിസ്തീയമൂല്യത്തകർച്ച എഴുതിത്തള്ളാനാകില്ല. **ഉന്നതമായ പാരമ്പര്യം കൊട്ടിഘോഷിക്കുമ്പോഴും സഭാമക്കളോട് സത്യസന്ധത പുലർത്തുവാൻ സഭാസ്ഥാപനങ്ങൾക്കാവുന്നുണ്ടോ? സാമൂഹ്യനീതിയെക്കുറിച്ച് ആവേശം കാണിക്കുമ്പോഴും സഭാമക്കളോട് നീതി പുലർത്തുന്നുണ്ടോ?** സർക്കാരിന്റെ എതിർപ്പുകൾ വരുമ്പോഴും, പ്രത്യയശാസ്ത്രത്തിന്റെ അധിനിവേശത്തിലും സ്ഥാപനങ്ങൾക്കു കാവൽ കിടക്കുന്ന ചാവേറുകൾക്കപ്പുറം സഭാമക്കൾക്ക് എന്തു പങ്കാളിത്തമാണ് പലപ്പോഴും ക്രൈസ്തവ സ്ഥാപനങ്ങളിലുള്ളത്? സ്വന്തം മക്കളെ പട്ടിണിക്കിട്ടിട്ട് സമൂഹത്തിലെ ഇതര വിഭാഗങ്ങൾക്ക് സേവനം ചെയ്യുന്നതാണോ സാമൂഹ്യനീതിയെന്ന് പലരും വ്യാഖ്യാനിച്ചു തുടങ്ങിയിരിക്കുന്നു.

രൂപതകളും ഇടവകകളും നടത്തുന്ന സ്ഥാപനങ്ങൾ ഒരു പരിധിവരെ സഭാമക്കളോട് ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. പക്ഷേ സന്യാസ സഭകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് വിശ്വാസി സമൂഹത്തോട് എന്തുത്തരവാദിത്വം? സഭാ സമൂഹത്തെ മുഴുവൻ അടച്ചാക്ഷേപിക്കുക മാത്രമല്ല അഹങ്കാരത്തിന്റെയും അധികാരധാർഷ്ട്യത്തിന്റെയും ഉദാഹരണങ്ങളായി പലപ്പോഴും ഇവ മാറിയിരിക്കുന്നു. ഇതിന്റെയെല്ലാം ആക്ഷേപങ്ങൾ ഏറ്റുവാങ്ങുന്നത് വിശ്വാസികൾ. ഏറ്റവും അത്ഭുതപ്പെടുത്തുന്ന കാര്യം ഇടതു-വലതു രാഷ്ട്രീയക്കാരെയും ജനപ്രതിനിധികളെയും, എന്തിനേറെ സഭയേയും സഭാപിതാക്കന്മാരെയും പരസ്യമായി ആക്ഷേപിച്ചവരേയും അവഹേളിച്ചവരേയും വിളിച്ചുവരുത്തി പൊതുചടങ്ങിൽ ആദരിക്കുവാൻ പോലും ഇക്കൂട്ടർക്ക് ഒരു മടിയുമില്ല. സഭാസ്ഥാപനങ്ങളുടെ പൊതുവേദികളിൽ അല്മായ വിശ്വാസികളുടെ സാന്നിധ്യം എവിടെ?

ആത്മീയതയുടേയും ക്രിസ്തീയ മൂല്യങ്ങളുടേയും പങ്കുവെയ്ക്കൽ നമ്മുടെ സ്ഥാപനങ്ങളിലുണ്ടാകണം. വിദ്യാഭ്യാസ കിടമത്സരമല്ല ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലക്ഷ്യംവെയ്ക്കേണ്ടത്. ആദർശശുദ്ധിയും ലക്ഷ്യബോധവുമുള്ള നല്ല വ്യക്തിത്വങ്ങളെ രൂപപ്പെടുത്തുന്നതിലും സമൂഹത്തിനും സമുദായത്തിനും ഒട്ടനവധി നന്മകൾ പകരാനും ക്രൈസ്തവ സഭയുടെ സേവന ശുശ്രൂഷകൾക്കാകണം. ക്രിസ്തീയ മൂല്യങ്ങൾ ഈ ശുശ്രൂഷകളിൽ പ്രകാശിക്കണം. സഭാമക്കൾക്ക് നമ്മുടെ സ്ഥാപനങ്ങളിൽ ക്രൈസ്തവനീതി നിക്ഷേധിക്കുകയുമരുത്.

**അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

### കർദ്ദിനാൾ വിതയത്തിൽ ഫൗണ്ടേഷൻ

ഒന്നാം പേജ് തുടർച്ച........

സമ്മേളനം എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ കർദ്ദിനാൾ വിതയത്തിൽ ഫൗണ്ടേഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കലിന്റെ അധ്യക്ഷതയിൽ നടന്നു. 'കർദ്ദിനാൾ വിതയത്തിൽ-ജീവിതവും ദർശനവും' അനുസ്മരണ പ്രഭാഷണപരമ്പരയിൽ മതസൗഹാർദ്ദത്തിന്റെ വേറിട്ട ചിന്തകളക്കുറിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രി വി.കെ.ഇബ്രാഹിംകുഞ്ഞ് പ്രഭാഷണം നടത്തി. സാമൂഹ്യ പരിവർത്തനത്തിന്റെ നിശ്ചയദാർഡ്യങ്ങളെ അടിസ്ഥാനപ്പെടുത്തി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ഡോ.കെ.എസ്.രാധാകൃഷ്ണൻ സംസാരിച്ചു

സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, ദിവ്യരക്ഷകസഭ ലിഗോരി പ്രൊവിൻസ് കേരള പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.ഡോ.ജോയി പൂണേലിൽ, മുൻ ന്യൂനപക്ഷ കമ്മീഷൻ അംഗം വി.വി.അഗസ്റ്റിൻ, വൈദീകസമിതി എറണാകുളം-അങ്കമാലി അതിരൂപതാ സെക്രട്ടറി റവ.ഡോ.ജോയിസ് കൈതക്കോട്ടിൽ, എറണാകുളം-അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ.ബിനു ജോൺ മൂലൻ, എകെസിസി എറണാകുളം-അങ്കമാലി അതിരൂപതാ പ്രസിഡന്റ് സെബാസ്റ്റ്യൻ വടശ്ശേരി, സാബു ജോസ്, പ്രൊഫ.ജോസുകുട്ടി ഒഴുകയിൽ, ഡോ.കൊച്ചുറാണി ജോസഫ് എന്നിവർ ആശംസകൾ നേർന്നു. പ്രൊഫ. വി.ജെ.പാപ്പു കർദ്ദിനാൾ വിതയത്തിൽ ഫൗണ്ടേഷൻ ആമുഖം അവതരിപ്പിച്ചു. പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് കലൂർ റിന്യൂവൽ സെന്റർ ഡയറക്ടർ ഫാ.ആന്റണി പുതിയാപറമ്പിൽ നേതൃത്വം നൽകി. ഫൗണ്ടേഷൻ വൈസ് ചെയർമാൻ റവ.ഡോ.ആന്റണി കരിയിൽ സ്വാഗതവും, കർദ്ദിനാൾ വിതയത്തിൽ ഫൗണ്ടേഷൻ കൺവീനർ അഡ്വ.ജോസ് വിതയത്തിൽ നന്ദിയും പ്രകാശിപ്പിച്ചു.

സഭയ്ക്കും സമൂഹത്തിനും കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ നൽകിയ സംഭാവനകൾ വരുംതലമുറകൾക്ക് പകർന്ന് നൽകുകയെന്നതാണ് ഫൗണ്ടേഷൻ ലക്ഷ്യമിടുന്നത്. അദ്ദേഹത്തെകുറിച്ചുള്ള പുസ്തകങ്ങളും ഡോക്യുമെന്ററികളും പ്രസിദ്ധീകരിക്കുക, ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കുക, പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുക, ധാർമ്മിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നിവയായിരിക്കും ഫൗണ്ടേഷന്റെ മുഖ്യപ്രവർത്തനപരിപാടികൾ.

### അല്മായ ദ്വിദിന ദേശീയ സമ്മേളനം

ആനുകാലിക രാഷ്ട്രീയ, സാമൂഹ്യ, വിദ്യാഭ്യാസ പ്രശ്നങ്ങൾ എന്നിവയാണ് സമ്മേളനത്തിലെ വിവിധ ചർച്ചാവിഷയങ്ങൾ. കൂരിയ ബിഷപ് മാർ ബോസ്കോ പുത്തൂർ പ്രതിനിധികളെ അഭിസംബോധന ചെയ്യും. അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ രൂപം നൽകിയിരിക്കുന്ന വിവിധ ഫോറങ്ങളുടെ പ്രവർത്തനങ്ങൾ സമ്മേളനത്തിൽ വിലയിരുത്തുന്നതാണ്. മൂന്നാം തീയതി 12.15നു ചേരുന്ന സമാപന സമ്മേളനത്തിൽ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അധ്യക്ഷത വഹിക്കുന്നതും മാർ മാത്യു ആനിക്കുഴിക്കാട്ടിൽ സമാപന സന്ദേശം നല്കുന്നതുമാണ്.

## സഭയ്ക്ക് അഭിമാനമായി തലസ്ഥാന നഗരിയിൽ രൂപത ഡൽഹി-ഫരീദബാദ്

# ആവേശത്തിമർപ്പിൽ വിശ്വാസി സമൂഹം

### ഭക്തിനിർഭരമായ ചടങ്ങുകൾ ഡൽഹിയിലും ഫരീദബാദിലും 2012 മെയ് 26,27 തീയതികളിൽ

സീറോ മലബാർ സഭയ്ക്ക് അഭിമാനമായി ഡൽഹിക്കടുത്ത് ഹരിയാനയിലെ ഫരീദബാദ് കേന്ദ്രമായി പ്രഖ്യാപിച്ച പുതിയ രൂപതയുടെ ഔദ്യോഗിക ഉദ്ഘാടനവും നിയുക്തമെത്രാൻ മോൺസിഞ്ഞോർ കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ മെത്രാഭിഷേകവും മെയ് 26, 27 തീയതികളിൽ ഡൽഹിയിലും ഫരീദബാദിലൂമായി നടക്കും.



ഫരീദബാദ് രൂപതയുടെ ഭൂപ്രദേശം ഇന്ത്യയുടെ ദേശീയ തലസ്ഥാനമായ ഡൽഹി നഗരവും ഹരിയാന, പഞ്ചാബ്, ഹിമാചൽപ്രദേശ്, ജമ്മു കാശ്മീർ എന്നീ സംസ്ഥാനങ്ങളും ഉത്തർപ്രദേശ് സംസ്ഥാനത്തിലെ ഗൗതംബുദ്ധ നഗർ, ഗാസിയാബാദ് എന്നീ ജില്ലകളും ഉൾക്കൊള്ളുന്നു. ഈ പ്രദേശത്തിനു മുഴുവനായി ഒമ്പതര ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. ഇവിടെയുള്ള ഒരു ലക്ഷത്തോളം വരുന്ന സീറോ മലബാർ കത്തോലിക്കരുടെ അജപാലന ദൗത്യമാണ് നിയുക്ത മെത്രാനിൽ നിക്ഷിപ്തമാകുക. 44 വൈദികരും 200-ലധികം സന്യസ്തരും ഇപ്പോൾത്തന്നെ ഇവിടെ 23 വ്യക്തൃധിഷ്ഠിത ഇടവകകളിലായി അജപാലന ശുശ്രൂഷ ചെയ്തുവരുന്നു. എറണാകുളം അതിരൂപതയിൽ നിന്നും മറ്റു രൂപതകളിൽനിന്നും സന്യാസ സഭകളിൽ നിന്നുമുള്ള വൈദികരും സന്യാസിനികളും ഇവിടെ ഇടവകകളിലൂടെയുള്ള അജപാലന ശുശ്രൂഷയ്ക്കു പുറമെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ആതുരാലയങ്ങളിലൂടെയും കാരുണ്യപ്രവർത്തികൾക്കായുള്ള മറ്റു സ്ഥാപനങ്ങളിലൂടെയും ഈ പ്രദേശത്ത് സ്തുത്യർഹമായ സേവനം ചെയ്തുവരുന്നു.

ഡൽഹി സീറോ മലബാർ മിഷന്റെ ആരംഭഘട്ടം മുതൽ 12 വർഷക്കാലം നേതൃത്വം നൽകിയത് ഫാ.സെബാസ്റ്റ്യൻ വടക്കുംപാടനാണ്. 2005 മുതൽ ഫാ.ജോസ് ഇടശ്ശേരി നേതൃത്വം നൽകുന്നു. ഡൽഹിയിലെ അല്മായ മുന്നേറ്റത്തിനായി അല്മായ കമ്മീഷന്റെ നേതൃത്വത്തിൽ ഫാ. ജോസ് ഇടശ്ശേരി നൽകിക്കൊണ്ടിരിക്കുന്ന വിശിഷ്ട സേവനങ്ങളെ ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കുന്നു.

### മെത്രാഭിഷേകം

മെയ് 26-ാം തീയതി വൈകുന്നേരം 5 മണിക്ക് ഡൽഹി ത്യാഗരാജ് സ്റ്റേഡിയത്തിൽ പ്രത്യേകം തയ്യാർചെയ്തിരിക്കുന്ന പന്തലിൽ നിയുക്ത മെത്രാൻ മോൺസിഞ്ഞോർ കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ മെത്രാഭിഷേകം നടക്കും. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമ്മികനായിരിക്കും. ഡൽഹി ആർച്ച്ബിഷപ് മോസ്റ്റ് വിൻസന്റ് എം. കോൺസാവോ, എറണാകുളം- അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ തോമസ് ചക്യാത്ത് എന്നിവർ സഹകാർമ്മികരായിരിക്കും.

### സ്ഥാനാരോഹണം

മാർ കുര്യാക്കോസ് ഭരണിക്കുളങ്ങരയുടെ സ്ഥാനാരോഹണച്ചടങ്ങുകൾ മെയ് 27ന് വൈകുന്നേരം 6ന് ഫരീദബാദിലെ ക്രിസ്തുരാജാ കത്തീഡ്രലിൽ നടക്കും. സീറോ മലബാർ സഭയുടെ എല്ലാ ബിഷപ്പുമാരും മെത്രാഭിഷേക, സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കുചേരും.

### അല്മായ പ്രതിനിധിസംഘം ഡൽഹിയിലേക്ക്

ഫരീദബാദ് രൂപതയുടെ ഉദ്ഘാടനത്തിൽ പങ്കുചേരുവാൻ കേരളത്തിലെ വിവിധ രൂപതകളിൽ നിന്നും ഇന്ത്യയിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്നുമുള്ള അല്മായ പ്രതിനിധികൾ സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.ജോസ് വിതയത്തിൽ എന്നിവരുടെ നേതൃത്വത്തിൽ മെയ് 26-ാം തീയതി ഡൽഹിയിലെത്തും. പ്രഥമ മെത്രാൻ മാർ കുര്യാക്കോസ് ഭരണിക്കുളങ്ങരയ്ക്കും പുതിയ രൂപതയ്ക്കും വിശ്വാസിസമൂഹത്തിനും ലോകമെമ്പാടുമുള്ള അല്മായ സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ.

കഴിഞ്ഞ ലക്കം തുടർച്ച.......

# സീറോ മലബാർ സഭ ചരിത്ര പഠനം

# വികാരിയത്തുകളുടെ രൂപീകരണം – പശ്ചാത്തലവും പ്രസക്തിയും

ഫാ.ജോസഫ് കൊല്ലാറ



ഫാ.ജോസഫ് കൊല്ലാറ

മാർത്തോമ്മാ ഒന്നാമനെ സഭാഭ്രഷ്ടനാക്കിയതിനുശേഷം സെബസ്ത്യാനി 1663 ഫെബ്രുവരി 14-ന് മലബാറിൽ നിന്ന് തിരിച്ചുപോയി. 1687-ൽ പറമ്പിൽ ചാണ്ടി (അലക്സാണ്ഡർ) മെത്രാന്റെ മരണത്തെത്തുടർന്ന് അനേകം പ്രൊപ്പഗാന്ത മെത്രാന്മാർ ഇവിടെ ഭരണം നടത്തി. എന്നാൽ കൊടുങ്ങല്ലൂർ രൂപത, 1659-ൽ ഫ്രാൻസീസ് ഗാർസ്യായുടെ മരണശേഷം 42 വർഷം തലവനില്ലാതെ ഒഴിഞ്ഞുകിടക്കുകയും ചെയ്തു. 1773 വരെ ഭരണം നടത്തിയ സാൽവദോർ ദോസ് റേയിസ് ആയിരുന്നു അവസാനത്തെ പദ്രുവാദോ മെത്രാപ്പോലീത്താ.

## 1.2.4 റോക്കോസ്, മേലൂസ് പ്രശ്നങ്ങൾ

1838-ൽ പദ്രുവാദോ ഭരണം ഇന്ത്യയിൽ നിർത്തലാക്കിയപ്പോൾ കൊടുങ്ങല്ലൂർ അതിരൂപതയിൽപ്പെട്ട മാർത്തോമ്മാ നസ്രാണികൾ പ്രൊപ്പഗാന്ത ഭരണത്തിൻ കീഴിലായി. 1857-ൽ ആന്റണി കുടക്കച്ചിറ, ആന്റണി തൊണ്ടനാട്ട് എന്നീ വൈദികരുടെ നേതൃത്വത്തിൽ മാർത്തോമ്മാ നസ്രാണികളുടെ ഒരു സംഘം ഒരു കൽദായ മെത്രാനെ കൊണ്ടുവരുന്നതിനായി ബാഗ്ദാദിലേയ്ക്കു യാത്രയായി.

1838-ൽ പദ്രുവാദോ ഭരണം ഇന്ത്യയിൽ നിർത്തലാക്കിയപ്പോൾ കൊടുങ്ങല്ലൂർ അതിരൂപതയിൽപ്പെട്ട മാർത്തോമ്മാ നസ്രാണികൾ പ്രൊപ്പഗാന്ത ഭരണത്തിൻ കീഴിലായി. 1857-ൽ ആന്റണി കുടക്കച്ചിറ, ആന്റണി തൊണ്ടനാട്ട് എന്നീ വൈദികരുടെ നേതൃത്വത്തിൽ മാർത്തോമ്മാ നസ്രാണികളുടെ ഒരു സംഘം ഒരു കൽദായ മെത്രാനെ കൊണ്ടുവരുന്നതിനായി ബാഗ്ദാദിലേയ്ക്കു യാത്രയായി.

അന്നത്തെ കൽദായ പാത്രിയർക്കീസായിരുന്ന മാർ ജോസഫ് ഔദോ പാത്രിയർക്കീസ് തോമസ് റോക്കോസ് എന്ന വൈദികനെ മെത്രാനായി വാഴിച്ച് 1861-ൽ മലബാറിലേക്കയച്ചു. റോക്കോസ് മെത്രാൻ അനധികൃതമായിട്ടാണ് വരുന്നതെന്ന് റോമിൽ നിന്നും വരാപ്പുഴ വികാരി അപ്പസ്തോലിക്കായെ അറിയിച്ചു. 154 സുറിയാനി കത്തോലിക്കാ പള്ളികളിൽ 86 പള്ളികൾ പൂർണ്ണമായും 30 പള്ളികൾ ഭാഗികമായും റോക്കോസിനെ സ്വീകരിച്ചു. 1861-ൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 9-ാം പീയൂസ് മാർപാപ്പായ്ക്കെഴുതുകയും മാർപാപ്പ സെപ്റ്റംബർ 5ന് മറുപടി അയയ്ക്കുകയും ചെയ്തു. മാർപാപ്പയുടെ കത്തിൽ റോക്കോസിന്റെ നിയമനം അസാധുവാണെന്നെഴുതിയിരുന്നു. 1861 നവംബർ 30ന് റോക്കോസിനെ ബർണ്ണർദീനോസ് മെത്രാൻ മഹറോൻചൊല്ലി. 1862-ൽ റോക്കോസ് ബാഗ്ദാദിലേയ്ക്കു മടങ്ങി.

1864-ൽ പദ്രവാദോ ഭരണം പുനഃസ്ഥാപിക്കപ്പെട്ടെങ്കിലും മെത്രാനുണ്ടായിരുന്നില്ല. അതുകൊണ്ട് മാർത്തോമ്മാ നസ്രാണികൾ സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്നതിനായി നിരവധി നിവേദനങ്ങൾ റോമിലേയ്ക്കയച്ചെങ്കിലും മറുപടിയുണ്ടായില്ല. തദവസരത്തിൽ മാർത്തോമ്മാ നസ്രാണികൾ ഒരു മെത്രാനെ ലഭിക്കുന്നതിനായി ബാഗ്ദാദിലേക്കും എഴുതി. അവരുടെ അഭ്യർത്ഥന മാനിച്ച് ജോസഫ് ഔദോ പാത്രിയർക്കീസ് ഏലിയാസ് മേലൂസിനെ 1874-ൽ മലബാറിലേയ്ക്കയച്ചു. ആന്റണി തൊണ്ടനാട്ട് മേലൂസിനോടുചേർന്ന് പ്രവർത്തിച്ചു. എന്നാൽ വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ലെയോണാർദോ മെല്ലാനോ 1874 ഒക്ടോബർ 25-ന് മേലൂസിനെ മഹറോൻചൊല്ലി. ജോസഫ് ഔദോ പാത്രിയാർക്കീസ് മേലൂസിനെ ബാഗ്ദാദിലേക്ക് തിരിച്ചുവിളിച്ചു.

മാർത്തോമ്മാ നസ്രാണികളുടെ ആവശ്യപ്രകാരമാണ് റോക്കോസും മേലൂസും മലബാറിൽ വന്നത്. പാശ്ചാത്യ മിഷനറിമാരുടെ മേൽക്കോയ്മ ഇവിടുത്തെ സഭയെ ശ്വാസംമുട്ടിച്ചപ്പോൾ ആ ദുരവസ്ഥയിൽ നിന്നും രക്ഷനേടാനുള്ള വെമ്പൽമാത്രമായിരുന്നു റോക്കോസ് മേലൂസ് സംഭവങ്ങളിൽ കാണുന്നത്.

## 1.2.5 മാന്നാനം ഹർജിയും മറ്റു നിവേദനങ്ങളും

1875 ജൂലൈ 28-ന് ലൂയീസ് പഴേപറമ്പിൽ എന്ന വൈദികൻ മാന്നാനത്തുവെച്ച് എഴുതിയുണ്ടാക്കിയ ഹർജി റോമിലേക്കയച്ചു. ഹർജിയിലെ പ്രധാന ആശയങ്ങൾ:

1. സുറിയാനിക്കാർക്ക് പ്രത്യേക മെത്രാനില്ലാതിരുന്നതുകൊണ്ടാണ് റോക്കോസും മേലൂസും മലബാറിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയത്.
2. സുറിയാനിക്കാർക്ക് പ്രത്യേകം മെത്രാനെ നൽകണം.
3. ആവശ്യമെങ്കിൽ ഒരു വിസിറ്ററെ നിയമിച്ച് അന്വേഷണം നടത്തണം.

മാന്നാനം, പുളിങ്കുന്ന് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി മറ്റു ഹർജികളും റോമിലേയ്ക്കയക്കപ്പെട്ടു. വിവിധ നിവേദനങ്ങളിലെ പ്രധാനകാര്യങ്ങൾ താഴെപ്പറയുന്നു;

1864-ൽ പദ്രവാദോ ഭരണം പുനഃസ്ഥാപിക്കപ്പെട്ടെങ്കിലും മെത്രാനുണ്ടായിരുന്നില്ല. അതുകൊണ്ട് മാർത്തോമ്മാ നസ്രാണികൾ സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കുന്നതിനായി നിരവധി നിവേദനങ്ങൾ റോ മിലേയ്ക്കയച്ചെങ്കിലും മറുപടിയുണ്ടായില്ല. തദവസരത്തിൽ മാർത്തോമ്മാ നസ്രാണികൾ ഒരു മെത്രാനെ ലഭിക്കുന്നതിനായി ബാഗ്ദാദിലേക്കും എഴുതി. അവരുടെ അഭ്യർത്ഥന മാനിച്ച് ജോസഫ് ഔദോ പാത്രിയർക്കീസ് ഏലിയാസ് മേലൂസിനെ 1874-ൽ മലബാറിലേയ്ക്കയച്ചു.

1. തൃശൂരിൽ മേലൂസിന്റെ സാന്നിധ്യം മൂലം മലബാറിൽ വലിയ ചിന്താക്കുഴപ്പവും അരാജകത്വവും നിലനിൽക്കുന്നു.
2. അനുദിനം വളരുന്ന ശീശ്മയ്ക്കെതിരായി കർമ്മലീത്താ മെത്രാന്മാർ ഒന്നും ചെയ്തില്ല. മാർത്തോമ്മാ നസ്രാണികൾ അവരുമായി യാതൊരു സമ്പർക്കവും ആഗ്രഹിച്ചില്ല.
3. മറ്റു ദേശങ്ങളിൽ ഇപ്പോൾത്തന്നെയുള്ള ഒരവകാശം-സ്വന്തം റീത്തിലുള്ള ഒരു മെത്രാനെ ലഭിക്കുവാനുള്ള അവകാശം മാർത്തോമ്മാ നസ്രാണികൾ ആവശ്യപ്പെട്ടു.
4. ഭരണത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി ഒരു ഈശോ സഭാ മെത്രാനെയും, പൊന്തിഫിക്കലും സഭാപരവുമായ കാര്യങ്ങൾക്കായി സുറിയാനിക്കാരനായ മറ്റൊരു മെത്രാനെയും അനുവദിക്കുക മാത്രമാണ് മലബാറിൽ സമാധാനത്തിനുള്ള ഏകമാർഗ്ഗം.
5. നാട്ടുകാരനായ ഒരു സുറിയാനി മെത്രാനെ അനുവദിക്കുകയാണെങ്കിൽ സമാധാനമുണ്ടാവുകയും, യാക്കോബായക്കാരുടെ പുനരൈക്യം സാധ്യമാവുകയും ചെയ്യും.

ഈ നിവേദനങ്ങൾ പരിഗണിച്ചശേഷം മാർത്തോമ്മാ നസ്രാണികളിലെ പുരോഹിതരുടെ ഇടയിൽനിന്ന് ഒരു വികാരി ജനറാളിനെയും നാല് ഉപദേശകരെയും നിയമിക്കാൻ പ്രൊപ്പഗാന്ത മർസലിനോസ് ആവശ്യപ്പെട്ടു. എന്നാൽ പ്രൊപ്പഗാന്തയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ മാഴ്സെലിൻ കൂട്ടാക്കിയില്ല.

(തുടരും)

# പട്ടയം-സർക്കാർ ജനങ്ങളെ കബളിപ്പിക്കുന്നു; പ്രക്ഷോഭമാരംഭിക്കും: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

കൊച്ചി: പട്ടയപ്രശ്നത്തിൽ മാറിമാറി കേരളം ഭരിക്കുന്ന സർക്കാരുകൾ ഹൈറേഞ്ചിലെ കർഷക ജനതയെ കബളിപ്പിക്കുകയാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ ആരോപിച്ചു. 1977 ജനുവരി 1ന് മുമ്പുള്ള കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞ സെപ്റ്റംബർ 2ന് കട്ടപ്പനയിൽ നടന്ന പട്ടയവിതരണം ജനങ്ങളെ വിഡ്ഢികളാക്കുന്ന രാഷ്ട്രീയ നാടകമായിരുന്നു.

ഉപേക്ഷിക്കപ്പെട്ട പദ്ധതിപ്രദേശങ്ങൾക്കും കൈവശഭൂമിക്കും കർഷകർക്കു പട്ടയം നൽകുമെന്നു പറയുന്നതല്ലാതെ ഉത്തരവുകൾ ഇറക്കാത്തതിൽ ദുരൂഹതയേറുന്നു. പൊതുതെരഞ്ഞെടുപ്പു പ്രകടന പത്രികയിലെ വാഗ്ദാനങ്ങളിൽ നിന്നു സർക്കാർ പുറകോട്ടുപോകുന്നത് ലജ്ജാകരമാണ്. പട്ടയപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുവാൻ ശ്രമിക്കാതെ ജനപ്രതിനിധികളും, രാഷ്ട്രീയ നേതാക്കളും ജനങ്ങളെ വഞ്ചിക്കുകയാണെന്ന് അല്മായ കമ്മീഷൻ ചൂണ്ടിക്കാട്ടി.

സുപ്രീം കോടതിയുടെ 2010 മാർച്ച് 31ലെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ 93-ലെ സ്പെഷ്യൽ റൂൾ പ്രകാരം നൽകിയിരിക്കുന്ന പട്ടയങ്ങൾക്ക് നിയമസാധുത കൈവന്നെങ്കിലും കൈമാറ്റം ചെയ്യാനുള്ള വ്യവസ്ഥ ഇതുവരെ നിയമമാക്കാതെ ഹൈറേഞ്ചിലെ കർഷകജനതയെ പീഢിപ്പിക്കുന്നത് കർഷകപാർട്ടികൾ കൂടി ഉൾക്കൊള്ളുന്ന യുഡിഎഫ് സർക്കാരിന് ഭൂഷണമല്ല. നിലവിൽ ഭൂമി കൈവശമുള്ളവർക്ക് പട്ടയം നൽകി ഭൂമി റീ-സെറ്റിൽമെന്റ് നടത്തുവാൻ സർക്കാർ തയ്യാറാവണമെന്നും ഇതിനായുള്ള ഹൈറേഞ്ച് സംരക്ഷണസമിതിയുടെ പ്രക്ഷോഭസമരങ്ങൾക്ക് പിന്തുണയേകുമെന്നും അല്മായ കമ്മീഷൻ സൂചിപ്പിച്ചു.



ഓസ്ട്രേലിയയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ഗിസപ്പോ ലാസറോറ്റോയുമായി സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ, അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, ഓസ്ട്രേലിയയിലെ സീറോ മലബാർ സഭാ കോർഡിനേറ്റർ ഫാ.ഫ്രാൻസീസ് കോലഞ്ചേരി എന്നിവർ കൂടിക്കാഴ്ച നടത്തുന്നു.

Please visit

www.smcim.org

# "വലിയ കുടുംബം അനുഗ്രഹീത കുടുംബം" ജീവസമൃദ്ധി 2012 സംസ്ഥാനതല സമാപന സംഗമം കൊല്ലത്ത്

കൊല്ലം: കെസിബിസി കേരള പ്രോലൈഫ് സമിതിയും, ചാവറ ഫാമിലി വെൽഫെയർ സെന്ററും സംയുക്തമായി ഒരുക്കുന്ന ജീവസമൃദ്ധി 2012 ന്റെ സംസ്ഥാനതല സമാപന സംഗമം കൊല്ലത്ത് നടത്തപ്പെടുന്നു. മെയ് 13 ഞായർ കൊല്ലം ഫാത്തിമമാതാ നാഷണൽ കോളജിനു സമീപമുള്ള ഭാരതരാജ്ഞി പാരീഷ് ഹാളിലാണ് സംസ്ഥാനതല സംഗമം സംഘടിപ്പിച്ചിരിക്കുന്നത്.

ഉച്ചകഴിഞ്ഞ് 2 ന് ദിവ്യബലിയും തുർന്ന് സ്നേഹവിരുന്നും നടക്കും. 4.30 ന് ചേരുന്ന പൊതുസമ്മേളനം ബസേലിയോസ് മാർ ക്ലീമീസ് കത്തോലിക്കാ ബാവ ഉദ്ഘാടനം ചെയ്യും. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അധ്യക്ഷത വഹിക്കും. കൊല്ലം ബിഷപ് മോസ്റ്റ് റവ.സ്റ്റാൻലി റോമൻ, മാവേലിക്കര ബിഷപ് മോസ്റ്റ് റവ.ജോഷ്വ മാർ ഇഗ്നാത്തിയോസ് എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും. കേന്ദ്ര മന്ത്രി കെ.വി.തോമസ്, മന്ത്രി ഷിബു ബേബി ജോൺ, കൊല്ലം മേയർ ശ്രീമതി പ്രസന്ന ഏണസ്റ്റ്, സിഎംഐ പ്രിയോർ ജനറാൾ ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, ഫാ.ജോസ് കോട്ടയിൽ, ഫാ.റോയി കണ്ണഞ്ചിറ, ഫാ.റോബി കണ്ണഞ്ചിറ, സീറോ മലബാർ സഭ അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ, ജോർജ് എഫ്.സേവ്യർ, കെസിബിസി പ്രോലൈഫ് സമിതി പിആർഒ സാബു ജോസ്, ശ്രീമതി ജെയ്ൻ ആൻസിൽ ഫ്രാൻസീസ്, ജോൺസൺ സി.എബ്രഹാം എന്നിവർ സംസാരിക്കും.

# ഫാ.പോൾ മുഞ്ഞേലി കാരിത്താസ് ഇന്ത്യ അസി.എക്സിക്യൂട്ടീവ് ഡയറക്ടർ




ലിസി മെഡിക്കൽ സ്ഥാപനങ്ങളുടെ ഡയറക്ടറായ ഫാ.പോൾ മുഞ്ഞേലി MSW, MBA ഇന്ത്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള കാരിത്താസ് ഇന്ത്യയുടെ അസി.എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായി. ഏപ്രിൽ 26 ന് ബാംഗ്ലൂരിൽ ചേർന്ന കത്തോലിക്കാ മെത്രാൻ സമിതിയുടെ സ്റ്റാൻഡിംഗ് കമ്മറ്റി യോഗത്തിലാണ് നിയമന തീരുമാനമുണ്ടായത്. കാരിത്താസ് ഇന്ത്യ ഭാരതത്തിലെ കത്തോലിക്കാ മെത്രാൻമാരുടെ കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യ ക്ഷേമ സംഘടനയാണ്. അന്തർദേശീയ കാരിത്താസ് സംഘടനയുടെ ഇന്ത്യൻ സംഘമാണിത്. ലോകത്തിലെ 160 രാജ്യങ്ങളിൽ കാരിത്താസ് സംഘടന പ്രവർത്തിക്കുന്നു. 200 രാജ്യങ്ങളിൽ ഇതിന്റെ സാമൂഹ്യ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇന്ത്യയിലെ 175 രൂപതകളിലെ സാമൂഹ്യ ക്ഷേമ സംഘങ്ങളും മറ്റ് സന്നദ്ധസംഘങ്ങളുമായി സഹകരിച്ചാണ് കാരിത്താസ് ഇന്ത്യ പ്രവർത്തിക്കുന്നത്.

സാമൂഹ്യക്ഷേമ പ്രവർത്തനപഠനത്തിൽ റാങ്ക് ജേതാവായ റവ.ഫാ.പോൾ മൂഞ്ഞേലി 12 വർഷമായി സാമൂഹ്യപ്രവർത്തന രംഗങ്ങളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ എറണാകുളം-അങ്കമാലി അതിരൂപതയുടെ ലിസ്സി ആശുപത്രിയുടെ ഡയറക്ടറാണ്.

## ഫാ. തോമസ് പീലിയാനിക്കൽ, ഫാ. ഷാജി തുമ്പേച്ചിറയിൽ, സിസ്റ്റർ ഡോ. മേരി ലിറ്റി, ജോസ് ഫിലിപ്പ് മേടയിൽ, സുനിൽ പി. ആന്റണി എന്നിവർക്ക്

# കത്തോലിക്കാ കോൺഗ്രസ് പുരസ്കാരം


ഫാ. തോമസ് പീലിയാനിക്കൽ


ഫാ. ഷാജി തുമ്പേച്ചിറയിൽ


സിസ്റ്റർ ഡോ. മേരി ലിറ്റി


ജോസ് ഫിലിപ്പ് മേടയിൽ


സുനിൽ പി. ആന്റണി

കോട്ടയം: ചങ്ങനാശേരി അതിരൂപതാ കത്തോലിക്കാ കോൺഗ്രസ് ഏർപ്പെടുത്തിയ "മികച്ച സാമൂഹിക സേവന പുരസ്കാരത്തിന് കുട്ടനാട് വികസന സമിതി ഡയറക്ടർ ഫാ. തോമസ് പീലിയാനിക്കൽ തെരഞ്ഞെടുക്കപ്പെട്ടതായി അവാർഡുകമ്മിറ്റി ചെയർമാനും, സിറോ മലബാർ അല്മായ കമ്മീഷൻ സെക്രട്ടയുമായ അഡ്വ. വി.സി. സെബാസ്റ്റ്യൻ, ഡയറക്ടർ മോൺ. മാത്യു വെള്ളാനിക്കൽ, പ്രസിഡന്റ് ടോമിച്ചൻ അയ്യരുകുളങ്ങര. ജനറൽ സെക്രട്ടറി സൈബി അക്കര, തോമസ് മണക്കുന്നേൽ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ജീവകാരുണ്യരംഗത്തെ മികച്ച പ്രവർത്തനത്തിന് കുന്നന്താനം ദൈവപരിപാലനഭവൻ സ്ഥാപക റവ:സിസ്റ്റർ ഡോ. മേരി ലിറ്റിയും കലാപുരസ്കാരത്തിന് സെലിബ്രൻസ് ഇൻഡ്യാ ഡയറക്ടർ ഫാ. ഷാജി തുമ്പേച്ചിറയിലും അർഹരായി.

സഭാ വിജ്ഞാനീയ അല്മായ പുരസ്കാരത്തിന് സന്ദേശനിലയം സെക്രട്ടറി ജോസ് ഫിലിപ്പ് മേടയിലും, പ്രവാസി പുരസ്കാരത്തിന് സുനിൽ പി. ആന്റണിയും(കുവൈറ്റ്), മികച്ച വനിതാ കലാലയ പുരസ്കാരത്തിന് ചങ്ങനാശേരി അസംപ്ഷൻ കേളേജ് പ്രിൻസിപ്പൽ റവ: സിസ്റ്റർ സുമാറോസും തെരഞ്ഞെടുക്കപ്പെട്ടു. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ചങ്ങനാശേരി അതിരൂപതാംഗങ്ങളിൽനിന്നുമാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.

10,001 രൂപയും പ്രശസ്തി പത്രവും, ഫലകവും അടങ്ങുന്നതാണ് അവാർഡ്. ചങ്ങനാശേരി അതിരൂപതാ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് അല്മായവർഷത്തിന്റെ ഭാഗമായി മെയ് 10-ാം തീയതി അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് വൈകുന്നേരം 4.30 ന് നടത്തുന്ന കത്തോലിക്കാ അല്മായ നേതൃസമ്മേളനത്തിൽ വച്ച് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അനൂപ് ജേക്കബ്, ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, ഇന്റർചർച്ച് കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിൽ എന്നിവർ അവാർഡുകൾ വിതരണം ചെയ്യും.

## ലോഗോ പ്രകാശനം ചെയ്തു




ബൈബിൾ വാരത്തോട് അനുബന്ധിച്ച് KCBC ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന 'ഡി ഔഗൻ' എന്ന ഫിലിം ഫെസ്റ്റിവലിന്റെ ലോഗോ പ്രശസ്ത സിനിമാനടൻ ശ്രീ. മോഹൻലാൽ പ്രകാശനം ചെയ്തു. വചനവും കാഴ്ചയും എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി മെയ് 27 മുതൽ 30 വരെ എറണാകുളത്ത് വച്ച് നടക്കുന്ന ഈ ഫെസ്റ്റിവലിൽ അന്താരാഷ്ട്രനിലവാരമുള്ള 8 ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ചലചിത്രഫെസ്റ്റിവലിനോടൊപ്പം പ്രശസ്തർ പങ്കേരുന്ന ആർട്ഗ്യാലറിയും നിരൂപകരും സാഹിത്യകാരും മാധ്യമപ്രവർത്തകരും പങ്കെടുക്കുന്ന സിമ്പോസിയവും ബൈബിൾവാരത്തിലെ പുതുമയുള്ള അനുഭവമായിരിക്കും. ലോഗോ പ്രകാശനവേളയിൽ KCBC ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ.ഡോ. ജോഷി മയ്യാറ്റിൽ, KCBC ലെയ്റ്റി കമ്മീഷൻ സെക്രട്ടറി അഡ്വ. ജോസ് വിതയത്തിൽ, 'ഡി ഔഗൻ' കൺവീനർ ഷാജി ജോസഫ്, ചലചിത്ര കലാസംവിധായകൻ ജോസഫ് നെല്ലിക്കൻ, കേന്ദ്രസമിതി അംഗം റെജിൻ എന്നിവർ പങ്കെടുത്തു.


## ജനപ്രതിനിധികൾ ഹൈറേഞ്ചുകർഷകരെ അപമാനിക്കുന്നു

തൊടുപുഴ: 01.01.1977 നു മുമ്പുള്ള കൈവശ ഭൂമിക്ക് പട്ടയം നൽകാൻ തീരുമാനിച്ചിട്ട് കഴിഞ്ഞ 34വർഷം ഫലപ്രദമായ നടപടികളെടുക്കാതെ ജനങ്ങളെ പെരുവഴിയിലാക്കിയവരും, നിരന്തരം പീഡിപ്പിച്ചവരും, പലതവണ കുടിയിറക്കിയവരും മൂന്നര മാസംകൊണ്ട് ഉപാധി രഹിത പട്ടയം വിതരണം ചെയ്യുമെന്ന് കൊട്ടി ഘോഷിക്കുന്നത് വിശ്വസനീയമല്ലെന്നും, ജനപ്രതിനിധികൾ വാഗ്ദാനങ്ങൾ നൽകിയും പ്രസ്താവനകളിറക്കിയും ഇക്കാര്യത്തിൽ ഹൈറേഞ്ച് കർഷകരെ അപമാനിക്കുകയാണെന്നും സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

തെരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിക്കുവാനുള്ള ഏണിപ്പടികളായി മാത്രമാണ് രാഷ്ട്രീയ നേതൃത്വങ്ങൾ കർഷകരെ കാണുന്നതെന്നതാണ് വസ്തുത. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ട് നിയമക്കുരുക്കുകൾ സൃഷ്ടിച്ച് വർഷങ്ങളായി കൃഷിചെയ്ത് അനുഭവിക്കുന്ന കൈവശഭൂമി കർഷകരുടെ കയ്യിൽനിന്ന് തട്ടിയെടുക്കുവാനുള്ള ഗൂഢതന്ത്രങ്ങൾ മെനയുകയാണ്. ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വരാനിരിക്കുന്ന ജനകീയ വിപ്ലവത്തിന് തടയിടുവാനുള്ള രാഷ്ട്രീയ തന്ത്രമാണ് ഓഗസ്റ്റ് 15 ന് മുമ്പ് ഉപാധിരഹിത പട്ടയം നൽകുമെന്ന പുത്തൻ വാഗ്ദാനം. 1968-ലെ മണിയങ്ങാടൻ കമ്മീഷൻ ശുപാർശകൾ പോലും നടപ്പിലാക്കാതെ ഇക്കാലം വരെയും ഓരോ കരിനിയമങ്ങൾ കർഷകരുടെമേൽ അടിച്ചേൽപ്പിക്കുകയാണ് ഇടതു-വലതു സർക്കാരുകൾ ചെയ്തതെന്നും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ സൂചിപ്പിച്ചു.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ

## പ്രേഷിതവൃത്തിക്കുള്ള പരിശീലനം



**കഴിഞ്ഞ ലക്കം തുടർച്ച.......**

31. പലതരം പ്രേഷിതപ്രവർത്തനങ്ങൾക്കനുസരിച്ചുള്ള പരിശീലനം- വിവധ രൂപത്തിലുള്ള പ്രേഷിതപ്രവർത്തനങ്ങൾക്ക് അതതിനു യോജിച്ച പരിശീലനമാണാവശ്യം.

1) മനുഷ്യരെ സുവിശേഷമറിയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന അല്മായർ വിശ്വാസികളും അവിശ്വാസികളുമായ എല്ലാ മനുഷ്യരുമായി ചർച്ചകൾ നടത്താൻ പരിശീലിക്കണം. ക്രിസ്തുവിന്റെ സന്ദേശം എല്ലാവരേയും അറിയിക്കുക എന്നതായിരിക്കണം ഇതിന്റെ ഉദ്ദേശ്യം.

വ്യത്യസ്തരീതികളിലുള്ള ഭൗതികവാദം എല്ലായിടത്തും വ്യാപകമായി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഒരു യുഗമാണല്ലോ നമ്മുടേത്. കത്തോലിക്കരേയും ഇതു ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് അല്മായ പ്രേഷിതർ കത്തോലിക്കാ സിദ്ധാന്തങ്ങൾ അവഗാഢം പഠിക്കണം. വാദപ്രതിവാദങ്ങൾക്കു വിധേയമാകാറുള്ള ഭാഗങ്ങൾ പ്രത്യേകിച്ച് പഠിക്കുകമാത്രമല്ല, എല്ലാത്തരം ഭൗതിക വാദങ്ങൾക്കും എതിരായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന ഒരു ജീവിതം അവർ നയിക്കുകയും വേണം.

2) ഭൗതിക മണ്ഡലത്തെയാകെ ക്രിസ്തീയമായി പുനരുദ്ധരിക്കാൻ വേണ്ടി അതിന് അതിൽത്തന്നെയും മനുഷ്യവ്യക്തിയുടെ എല്ലാ ലക്ഷണങ്ങളോടും ബന്ധപ്പെടുത്തിയും എന്തു വിലയുണ്ടെന്നും ഭൗതികവസ്തുക്കളുടെ ശരിയായ അർത്ഥവും മൂല്യവും എന്താണെന്നും അവരെ പഠിപ്പിക്കേണ്ടതാണ്. സഭയുടെ സാമൂഹിക ധാർമ്മിക സിദ്ധാന്തങ്ങളുടെ തത്വങ്ങൾക്കനുസൃതമായി എപ്പോഴും പൊതുനന്മ കൈവരുത്തുന്നതിന് വസ്തുക്കളുടെ ശരിയായ ഉപയോഗവും സ്ഥാപനങ്ങളുടെ സംവിധാനവും അവരെ പഠിപ്പിക്കണം. പ്രത്യേകിച്ച് സാമൂഹിക ശാസ്ത്രത്തിന്റെ മൗലികതത്വങ്ങളും നിഗമനങ്ങളും നന്നായറിയണം. തത്ഫലമായി ഈ ശാസ്ത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി തങ്ങളുടെ പങ്കു സജീവമായി നിർവ്വഹിക്കാനും സന്ദർഭോചിതമായി ഈ തത്വങ്ങൾ ശരിയായി പ്രയോഗിക്കാനും അവർ പ്രാപ്തരായിത്തീരേണ്ടതാണ്.

3) പരസ്നേഹപ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും ക്രിസ്തീയ ജീവിതത്തിനു സാക്ഷ്യം വഹിക്കാൻ ഒന്നാന്തരം മാർഗ്ഗങ്ങളാണ്. അതുകൊണ്ടു പ്രേഷിത പരിശീലനത്തിൽ ഇവയുടെ അഭ്യസനം ഉൾപ്പെടുത്തണം. അതുവഴി സഹോദരങ്ങളോട് അനുകമ്പ പ്രദർശിപ്പിക്കാനും പാവപ്പെട്ടവരെ ഔദാര്യപൂർവ്വം സഹായിക്കാനും വിശ്വാസികൾ ചെറുപ്പം മുതലേ പഠിക്കുന്നു.

**അനുദിനം തന്നോട് കൂടുതൽ യോജിച്ചുനിന്നുകൊണ്ടും, തന്റെ താത്പര്യങ്ങൾ അവരുടെ സ്വന്തമാക്കിക്കൊണ്ടും തന്റെ രക്ഷാകര ദൗത്യത്തിൽ പങ്കെടുക്കാനാണ് ക്രിസ്തു അവരെ ആഹ്വാനം ചെയ്യുന്നത്.**

32. പരിശീലന മാർഗ്ഗങ്ങൾ- പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചിട്ടുള്ള അല്മായർക്ക് യോഗങ്ങൾ, സമാജങ്ങൾ, മാസധ്യാനം, ഏകാന്തധ്യാനം, കൂടെക്കൂടെയുള്ള കൂടിയാലോചന, സെമിനാർ പുസ്തകങ്ങൾ, വ്യാഖ്യാന പ്രബന്ധങ്ങൾ മുതലായവയിലൂടെ നിരവധി സഹായങ്ങൾ ലഭിക്കുന്നുണ്ട്. ഇവയുടെയെല്ലാം ഉദ്ദേശ്യം വി.ഗ്രന്ഥവും കത്തോലിക്കാതത്വങ്ങളും കൂടുതൽ ഗാഢമായി പഠിക്കുകയും ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിക്കുകയും, ലോകഗതികൾ പഠിച്ചറിയുകയും ഉപകാരപ്രദമായ പ്രവവർത്തനരീതികൾ കണ്ടുപിടിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക എന്നതാണ്.

വിവിധ രംഗങ്ങളിൽ നടത്തേണ്ട പ്രേഷിത പ്രവർത്തനങ്ങളുടെ വൈവിധ്യം കണക്കിലെടുത്തുകൊണ്ടുള്ള പരിശീലനമാർഗ്ഗങ്ങളവലംബിക്കണം. ഇതിനായി കേന്ദ്രകാര്യാലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്. അതിവിശിഷ്ട ഫലങ്ങൾ അവ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം സ്ഥാപനങ്ങൾ അഭിവൃദ്ധിപ്പെട്ടു കാണുന്നതിൽ ഈ പരി.സൂനഹദോസ് സന്തോഷിക്കുന്നു. ആവശ്യമുള്ള മറ്റു സ്ഥലങ്ങളിലും ഇവ സ്ഥാപിതമാകണമെന്ന് കൗൺസിൽ ആഗ്രഹിക്കുകയും ചെയ്യുന്നു.

ഇവയ്ക്കെല്ലാം പുറമെ, ദൈവശാസ്ത്രത്തെപ്പറ്റി മാത്രമല്ല മാനവശാസ്ത്രം, മന:ശാസ്ത്രം, സാമൂഹികശാസ്ത്രം, പഠനരീതികൾ എന്നിവയെപ്പറ്റിയും കൂടി പ്രതിപാദിക്കുന്ന ഗ്രന്ഥാലയങ്ങളും ഗവേഷണരംഗങ്ങളും എല്ലാ തുറകളിലും ഉണ്ടാവണം. സ്ത്രീപുരുഷഭേദമെന്യേ ചെറുപ്പക്കാരും മുതിർന്നവരുമുൾപ്പെടെ എല്ലാ അല്മായരുടെയും സ്വാഭാവികമായ കഴിവുകൾ അഭിവൃദ്ധിപ്പെടുത്തുവാൻ ഇവ ഉപകരിക്കും.

### ഉദ്ബോധനം

33. പരിശുദ്ധ സൂനഹദോസ് എല്ലാ അല്മായരോടും നമ്മുടെ കർത്താവിൽ അഭ്യർത്ഥിക്കുകയാണ്, ക്രിസ്തുവിന്റെ ഇന്നത്തെ അടിയന്തരമായ ആഹ്വാനത്തിന് സ്വതന്ത്രമായും ഉദാരമനസ്സോടും സർവ്വസന്നദ്ധതയോടും കൂടിയും ചെവികൊടുക്കാനും പരിശുദ്ധാരൂപിയുടെ പ്രചോദനങ്ങൾക്ക് വഴിപ്പെടാനും. ചെറുപ്പക്കാർ മനസ്സിലാക്കട്ടെ ഈ ആഹ്വാനം പ്രത്യേകിച്ച് തങ്ങളോടാണെന്ന്. അത്യുത്സാഹത്തോടും ഹൃദയവിശാലതയോടും കൂടെ അവരതു സ്വീകരിക്കേണ്ടതാണ്. കർത്താവുതന്നെയാണ് ഈ കൗൺസിൽവഴി അല്മായരോടുള്ള ഈ ആഹ്വാനം ആവർത്തിക്കുന്നത്. അനുദിനം തന്നോട് കൂടുതൽ യോജിച്ചുനിന്നുകൊണ്ടും, തന്റെ താത്പര്യങ്ങൾ അവരുടെ സ്വന്തമാക്കിക്കൊണ്ടും (ഫിലി.2:5) തന്റെ രക്ഷാകര ദൗത്യത്തിൽ പങ്കെടുക്കാനാണ് ക്രിസ്തു അവരെ ആഹ്വാനം ചെയ്യുന്നത്. താൻതന്നെ പോകാനിരിക്കുന്ന ഓരോ സ്ഥലത്തേയ്ക്കും പട്ടണത്തിലേയ്ക്കും വീണ്ടും അവിടുന്നുതന്നെയാണവരെ അയയ്ക്കുന്നത് (ലൂക്കാ.10:1). സഭയുടെ പ്രേഷിതത്വം ഏകമാണ്. ഇത് പുതിയ പുതിയ ആവശ്യങ്ങളനുസരിച്ച് നവീകരിക്കണം. ഏകമായിരിക്കുന്ന ഈ പ്രേഷിതത്വത്തിന് പല രൂപങ്ങളും രീതികളുമുണ്ട്. ഈ വിവിധ രീതികളിലും രൂപങ്ങളിലും പ്രവർത്തിച്ചുകൊണ്ട് അല്മായർക്രിസ്തുവിന്റെ സഹായികളായി സ്വയം സമർപ്പിക്കണം. അങ്ങനെ കർത്താവിന്റെ ജോലിയിൽ നിരന്തരം വ്യാപൃതരായിരിക്കുമ്പോൾ തങ്ങളുടെ പ്രവൃത്തികൾ കർത്താവിന്റെ സന്നിധിയിൽ വ്യർത്ഥമാകയില്ലെന്നവർക്കറിയാം (1 കോറ.15:58).

(തുടരും)



വിശുദ്ധനാട് തീർത്ഥാടന സബ്സിഡിയും, കാത്തലിക് യൂണിവേഴ്സിറ്റിയും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സീറോ മലബാർ സഭ അല്മായ കമ്മീഷൻ ചെയർമാൻ മാർ മാത്യു അറയ്ക്കൽ കേന്ദ്രനിയമ ന്യൂനപക്ഷ വകുപ്പ് മന്ത്രി സൽമാൻ ഖുർഷിദിന് നിവേദനം സമർപ്പിക്കുന്നു. എം.പി.മാരായ പ്രൊഫ. പി. ജെ. കുര്യൻ, ആന്റോ ആന്റണി, സീറോ മലബാർ സഭ അല്മായകമ്മീഷൻ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ എന്നിവർ സമീപം.

# ക്രൈസ്തവർക്ക് വിശുദ്ധനാട് തീർത്ഥാടനത്തിന് ആന്ധ്ര മാതൃകയിൽ സബ്സിഡി നൽകണം: സീറോ മലബാർ സഭ അല്മായ കമ്മീഷൻ

ബാംഗ്ലൂർ: ക്രൈസ്തവ വിശ്വാസികൾക്ക് വിശുദ്ധ നാടുകളിലേയ്ക്കുള്ള തീർത്ഥയാത്രയ്ക്ക് ആന്ധ്രപ്രദേശ് സർക്കാർ ഏർപ്പെടുത്തിയ മാതൃകയിൽ സബ്സിഡി അനുവദിക്കണമെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ കേന്ദ്ര-കർണ്ണാടക സർക്കാരുകളോട് ആവശ്യപ്പെട്ടു.

ബാംഗ്ലൂർ സീറോ മലബാർ ലെയ്റ്റി സെന്റർ കോർ കമ്മറ്റി സമ്മേളനം അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി.സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ബാംഗ്ലൂർ സീറോ മലബാർ സഭ മിഷൻ കോർഡിനേറ്റർ റവ.ഡോ.മാത്യു കോയിക്കര അധ്യക്ഷത വഹിച്ചു. ലെയ്റ്റി കോർഡിനേറ്റർ കെ.പി.ചാക്കപ്പൻ പ്രമേയം അവതരിപ്പിച്ചു.

മുസ്ലീം സമുദായത്തിലുള്ളവർക്ക് ഹജ്ജിനു പോകാൻ 70,000 രൂപയാണ് സർക്കാർ സബ്സിഡി നൽകുന്നത്. ഇതേ മാതൃകയിൽ ആന്ധ്രപ്രദേശ് സർക്കാർ 2008-ലാണ് ക്രൈസ്തവർക്ക് വിശുദ്ധനാട് തീർത്ഥാടനത്തിന് സബ്സിഡി ഏർപ്പെടുത്തിയത്. ഒരാൾക്ക് 20,000 രൂപയാണ് ആന്ധ്രപ്രദേശ് സർക്കാർ സബ്സിഡി നൽകുന്നത്. യേശുവിന്റെ ജന്മസ്ഥലമായ ബേദ്ലഹേം, കുരിശുമരണസ്ഥലമായ നസ്രത്ത്, ജ്ഞാനസ്നാനം ചെയ്യപ്പെട്ട ജോർദ്ദാൻ നദി ഇവയെല്ലാം ക്രൈസ്തവ സഭയ്ക്കും വിശ്വാസികൾക്കും പുണ്യസ്ഥലങ്ങളാണ്.

ആന്ധ്രയിൽ ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിലുള്ള ആന്ധ്രപ്രദേശ് സ്റ്റേറ്റ് ക്രിസ്ത്യൻ മൈനോരിറ്റീസ് കോർപ്പറേഷനാണ് വിശുദ്ധനാട് തീർത്ഥാടനത്തിന് 20000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നത്. ഇതേരീതിയിൽ കർണ്ണാടക സർക്കാരും വിശുദ്ധനാട് സന്ദർശനത്തിന് ക്രൈസ്തവ വിശ്വാസികൾക്ക് സബ്സിഡി നൽകണമെന്നാണ് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്.

സോണൽ കോർഡിനേറ്റർ റവ.ഡോ.തോമസ് കല്ലുകളം ചർച്ചകൾക്ക് നേതൃത്വം നൽകി. ജോസ് വേങ്ങത്തടം, സാബു ജോർജ്, കെ. എൽ. നിക്സൺ, വി.എൽ.ജോസഫ്, പ്രൊഫ. സെബാസ്റ്റ്യൻ പി.ജി., ഫ്രാങ്കോ ലില്ലിത്തോട്ടം, മിസ് റോസ് ജെയിംസ് എന്നിവർ സംസാരിച്ചു.

# ചെന്നൈയിലും ബാംഗ്ലൂരിലും പുതിയ സീറോ മലബാർ സഭാ രൂപതകൾ...?

സീറോ മലബാർ സഭാ സമൂഹത്തിന്റെ കേരളത്തിൽ നിന്ന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുമുള്ള കുടിയേറ്റം അതിശക്തമാണ്. ചെന്നൈയിലും ബാംഗ്ലൂരിലുമുള്ള നമ്മുടെ സാന്നിധ്യം വളരെ നിർണ്ണായകമാണ്. സ്വതന്ത്ര ഇടവകകളും മിഷൻ കേന്ദ്രങ്ങളും ഇവിടങ്ങളിൽ നിരവധി. വിശ്വാസികളുടെ എണ്ണവും ലക്ഷത്തോടടുക്കുന്നു. ഹൈദ്രാബാദിലും സ്ഥിതി മറിച്ചല്ല. സ്ഥിരതാമസമാക്കിയവർ ഉൾപ്പെടെ പതിനായിരക്കണക്കിന് വിശ്വാസികൾ ഹൈദ്രാബാദിലുണ്ട്. അഹമ്മദാബാദ്, ബറോഡ, സൂററ്റ് എന്നിവിടങ്ങളിലെ സീറോ മലബാർ സഭയിലെ വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യം വളരെ വലുതുതന്നെ.

വിദേശരാജ്യങ്ങളിലാകട്ടെ ഗൾഫിലെ ഏക സീറോ മലബാർ ദൈവാലയമായ സെന്റ് തോമസ് ചർച്ച് ഖത്തറിലാണ്. വിവിധ ഗൾഫ് രാജ്യങ്ങളിലായി നമ്മുടെ വിശ്വാസികൾ ലക്ഷക്കണക്കിനാണ്. ഖത്തർ കേന്ദ്രമായി നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. യു.കെ. യിലും അയർലന്റിലും മാത്രമല്ല സിങ്കപ്പൂർ, ന്യൂസിലന്റ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലും സീറോ മലബാർ വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യം വളരെ നിർണ്ണായകമാണ്. സിങ്കപ്പൂരിൽ അല്മായരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ശക്തിപ്പെടുമ്പോൾ ന്യൂസിലാന്റിലെ ഓക്ലന്റിൽ ഫാ.ജോയി തോട്ടംകര നേതൃത്വം നൽകുന്നു. ഓസ്ട്രേലിയയിലെ സഭാസമൂഹം വളരെ സജീവമായി പ്രവർത്തിക്കുന്നു. വിവിധ കേന്ദ്രങ്ങളിലായി 25,000-ൽ പരം കുടുംബങ്ങൾ നമുക്കുണ്ട്. മെൽബോണിൽ ത്തന്നെ 2000-ലേറെ കുടുംബങ്ങൾക്ക് ഫാ.പീറ്റർ കാവുംപുറം നേതൃത്വം നൽകുന്നു. അല്മായരുടെ ശക്തമായ പിന്തുണയും കൂട്ടായ പ്രവർത്തനവും മെൽബോണിൽ സഭാ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം ദേശീയതലത്തിൽ ഫാ.ഫ്രാൻസീസ് കോലഞ്ചേരി നേതൃത്വം നൽകുന്നു.

# ആറാമത് സീറോ മലബാർ വാൽസിങ്ങാം (യു.കെ.) തീർത്ഥാടനം ജൂലൈ 15ന്

**ഫാ മാത്യു വണ്ടാലകുന്നേൽ**

വാൽസിങ്ങാം: യു.കെ.യിലെ ലൂർദ് എന്നറിയപ്പെടുന്ന പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രമായ വാൽസിങ്ങാമിൽ സീറോ മലബാർ സഭയുടെ ആറാമത് തീർത്ഥാടനം ഭക്തിസാന്ദ്രമായി നടത്തപ്പെടുന്നു. മരിയഭക്തരായ ആയിരങ്ങൾ പങ്കെടുക്കാറുള്ള തീർത്ഥാടനത്തിൽ ഈ വർഷം ഏഴായിരത്തോളം പേരെയാണ് പ്രതീക്ഷിക്കുന്നത്.

ഉച്ചയ്ക്ക് 12 മണിക്ക് വാൽസിങ്ങാമിലെ ഫ്രൈഡേ മാർക്കറ്റിലുള്ള അനൗൺസിയേഷൻ ചാപ്പലിൽ നിന്നും വാൽസിങ്ങാമിലെ സ്ലിപ്പർ ചാപ്പലിലേക്കുള്ള തീർത്ഥാടനം ആരംഭിക്കും. മരിയ ഭക്തിഗീതങ്ങളാൽ മുഖരിതമായ അന്തരീക്ഷത്തിൽ പരിശുദ്ധ ജപമാലയും അർപ്പിച്ചുകൊണ്ട് മരിയ ഭക്തർ വാൽസിങ്ങാം മാതാവിന്റെ രൂപവും ഏന്തി വർണ്ണാഭമായ മുത്തുക്കുടകളുടെ അകമ്പടിയോടെ നടന്നു നീങ്ങും.

തീർത്ഥാടനം സ്ലിപ്പർ ചാപ്പലിൽ എത്തിച്ചേർന്ന ശേഷം തീർത്ഥാടന സന്ദേശം, അടിമവയ്ക്കൽ തുടർന്ന് ഭക്ഷണത്തിനായുള്ള ഇടവേള എന്നീ ക്രമത്തിലായിരിക്കും നടത്തപ്പെടുക. ഉച്ചകഴിഞ്ഞ് ആഘോഷമായ തിരുനാൾ സമൂഹബലി നടത്തപ്പെടും. യു.കെ.യുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികർ പങ്കുചേരും. കുർബാന മദ്ധ്യേ തിരുനാൾ സന്ദേശം നൽകപ്പെടും. സമാപനത്തോടനുബന്ധിച്ച് അടുത്തവർഷത്തെ പ്രസിദേന്തിമാരെ വാഴിക്കും.

## സീറോ മലബാർ സഭ ചരിത്ര പഠനം

# ഭാരതത്തിലെ ക്രൈസ്തവ കേന്ദ്രങ്ങളും കുടിയേറ്റങ്ങളും സുറിയാനി സഭയുടെ സംഭാവനകളും

റവ.ഡോ.പയസ് മലേക്കണ്ടത്തിൽ
ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി ചരിത്രവിഭാഗം പ്രൊഫസർ


റവ.ഡോ.പയസ് മലേക്കണ്ടത്തിൽ

1732-ൽ മാർഗ്ഗംകളിപ്പാട്ടുകൾ പുസ്തകരൂപത്തിൽ ആദ്യം എഴുതപ്പെട്ടപ്പോൾ കേരളത്തിലെ ആദ്യ ക്രൈസ്തവ കൂട്ടായ്മകളായി പറഞ്ഞിരിക്കുന്നത് കൊല്ലം, നിരണം, കോതമംഗലം, കോട്ടക്കായൽ, ചായൽ, പാലയൂർ, കൊടുങ്ങല്ലൂർ എന്നിവയാണ്. ഈ മൂന്നു ലിസ്റ്റിലും പൊതുവായ സ്ഥലങ്ങൾ 5-6 എണ്ണമെങ്കിലുമുണ്ട്. ചായൽ എന്നറിയപ്പെട്ടിരുന്നത് നിലയ്ക്കൽ ആയിരുന്നുവെന്നും അവിടെയുണ്ടായ വക്രപുലി ആക്രമണത്തിൽ നിന്ന് (ഫക്രുദിൻ അലിയുടെ ആക്രമണത്തിൽ) ക്രൈസ്തവർ രക്ഷപെടാനായി ഈരാറ്റുപേട്ടക്കു വന്നതുകൊണ്ടാണ് ആ സ്ഥലപ്പേര് ലിസ്റ്റിൽ സ്ഥലം പിടിച്ചതെന്നും അനുമാനിക്കപ്പെടുന്നു. ഇന്ന് 45 ലക്ഷം പേരായി വളർന്നിരിക്കുന്ന മാർത്തോമ്മാ ക്രൈസ്തവരെ കുടുംബങ്ങളായി തിരിച്ച് അവർ ഇതിനുമുമ്പു വന്ന സ്ഥലം ഏതെന്നുതേടി പുറകോട്ടു പുറകോട്ടു ചികഞ്ഞുചെല്ലുമ്പോൾ പലപ്പോഴും വന്നുനിൽക്കുന്നത് ഈ 6-7 ആദ്യ ക്രൈസ്തവ കേന്ദ്രങ്ങളിൽ ഏതെങ്കിലും ഒന്നിലാണ്. മാർത്തോമ്മാ ക്രൈസ്തവരുടെ പ്രാദേശിക സ്വത്വവും തനിമയും നിർണ്ണയിക്കുന്ന ഘടകം ഈ ആദ്യ ക്രൈസ്തവ കേന്ദ്രങ്ങളിൽ ഏതെങ്കിലും ഒന്നുമായി അവരെ ബന്ധിപ്പിച്ചു നിറുത്തുന്ന വാമൊഴി പാരമ്പര്യവും ആ ചരിത്രം പറച്ചിലിലൂടെ അവർക്കുണ്ടാകുന്ന വ്യതിരിക്തതയുമാണ്.

ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളായ അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നിവിടങ്ങളിലെ പ്രേഷിത പ്രവർത്തനത്തിനു ശേഷം തോമാശ്ലീഹാ ഗുജറാത്തിലെ അന്നത്തെ പ്രധാനപ്പെട്ട തുറമുഖമായ ബറുക്കച്ച (ബ്രോച്ച്) യിലൂടെ പേർഷ്യൻ ഉൾക്കടലിൽ എത്തി ജറുസലേം കൗൺസിലിൽ പങ്കെടുക്കാൻ പോയിരിക്കാമെന്നും, കൗൺസിലിനു ശേഷം പേർഷ്യൻ ഗൾഫ് വഴി കൊടുങ്ങല്ലൂരിൽ എത്തി തെക്കെ ഇന്ത്യയിൽ നടത്തിയ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ ആദ്യ ക്രൈസ്തവകേന്ദ്രങ്ങൾ കേരളത്തിൽ രൂപമെടുത്തതെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഭൂമിശാസ്ത്രപരമായി ഈ ആദ്യ ക്രൈസ്തവകേന്ദ്രങ്ങൾ കച്ചവടകേന്ദ്രങ്ങളിലോ, കച്ചവടവഴിയരികിലോ ആണ് സ്ഥിതിചെയ്തിരുന്നത്. പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കൊല്ലം എന്നിവ തുറമുഖപട്ടണങ്ങളായിരുന്നു. നിലയ്ക്കൽ കേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്കുപോകുന്ന കച്ചവട വഴിയരികിലായിരുന്നു സ്ഥിതിചെയ്തിരുന്നത്. നിരണം പമ്പയാറിന്റെ തീരത്തും. ഈ ആദ്യ ക്രൈസ്തവ

**ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളായ അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നിവിടങ്ങളിലെ പ്രേഷിത പ്രവർത്തനത്തിനു ശേഷം തോമാശ്ലീഹാ ഗുജറാത്തിലെ അന്നത്തെ പ്രധാനപ്പെട്ട തുറമുഖമായ ബറുക്കച്ച (ബ്രോച്ച്) യിലൂടെ പേർഷ്യൻ ഉൾക്കടലിൽ എത്തി ജറുസലേം കൗൺസിലിൽ പങ്കെടുക്കാൻ പോയിരിക്കാമെന്നും, കൗൺസിലിനു ശേഷം പേർഷ്യൻ ഗൾഫ് വഴി കൊടുങ്ങല്ലൂരിൽ എത്തി തെക്കെ ഇന്ത്യയിൽ നടത്തിയ പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഈ ആദ്യക്രൈസ്തവ കേന്ദ്രങ്ങൾ കേരളത്തിൽ രൂപമെടുത്തതെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.**

കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്വഭാവം കാണിക്കുന്നത് കച്ചവടക്കാരുടെ സഞ്ചാര ചാലുകളിലൂടെയായിരിക്കണം തോമാശ്ലീഹാ പ്രേഷിതപ്രവർത്തനത്തിനായി യാത്രചെയ്തതെന്ന വിവരമാണ്.

## ആദിമ ക്രൈസ്തവകുടിയേറ്റങ്ങൾ

ആദിമ ക്രൈസ്തവകൂട്ടായ്മകളിൽ ഭൂരിപക്ഷവും പ്രത്യേകിച്ച് പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കൊല്ലം എന്നിവ കടൽത്തീരത്തായിരുന്നുവെങ്കിൽ നാലാം നൂറ്റാണ്ടുമുതലെങ്കിലും ക്രൈസ്തവർ ഉൾപ്രദേശങ്ങളിലേയ്ക്ക് കുടിയേറുന്നതിന്റെ ചിത്രമാണ് നിലവിലുള്ള ക്രോണോളജി നൽകുന്നത്. കഴിഞ്ഞ നൂറിലേറെ വർഷങ്ങളായി രൂപതാ-ഇടവക തലങ്ങളിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ക്രോണോളജി ക്രമപ്രകാരം കടൽ-കായൽ പ്രദേശങ്ങൾക്കരികിൽ നെൽകൃഷിക്ക് അനുയോജ്യമായ നിരന്ന താഴ്ന്ന പ്രദേശങ്ങളിലാണ് ക്രൈസ്തവർ ആദ്യമായി കുടിയേറ്റം നടത്തിയത്.

പള്ളിപ്പുറം, അമ്പഴക്കാട്, ഏനമ്മാവ്, കുറവിലങ്ങാട്, വടക്കേപ്പുതുക്കാട്, പുത്തൻചിറ, അങ്കമാലി, മറ്റം, ചമ്പക്കുളം, മുട്ടുചിറ, കടുത്തുരുത്തി, മൈലക്കൊമ്പ്, ഉദയംപേരൂർ, ഇടപ്പിള്ളി എന്നീ സ്ഥലങ്ങളിലാണ് 4മുതൽ 6വരെ നൂറ്റാണ്ടുകൾക്കിടയിൽ ക്രൈസ്തവ കുടിയേറ്റം ഉണ്ടായതിന്റെ ഫലമായി പ്രാർത്ഥനാലയങ്ങൾ ഉണ്ടായതായി പരാമർശിക്കപ്പെടുന്നത്. ഈ സ്ഥലങ്ങളത്രയും നെൽകൃഷിക്കു യോജിച്ച താഴ്ന്ന പ്രദേശങ്ങളായതിനാൽ കുളങ്ങൾ കുത്തി നെൽകൃഷി വ്യാപിപ്പിക്കാൻ പല്ലവരാജാക്കന്മാർ (3 മുതൽ 6 വരെ നൂറ്റാണ്ടുകളിലായി തെക്കേ ഇന്ത്യയിൽ ഭരിച്ചിരുന്നവർ) നടത്തിയ ശ്രമങ്ങളുടെ ഭാഗമായി നെൽകൃഷി വ്യാപനത്തിൽ പങ്കുചേർന്ന ക്രൈസ്തവരായിരുന്നിരിക്കണം ഈ വിശ്വാസകൂട്ടായ്മകളുടെ രൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിച്ചതെന്ന് അനുമാനിക്കാം.

കുറവിലങ്ങാട് പോലുള്ള സ്ഥലങ്ങളിലെ ഇന്നത്തെ പള്ളികൾ കുന്നിൻമുകളിലാണെങ്കിലും അവയൊക്കെ ഒരു നെൽകൃഷി കേന്ദ്രത്തിന്റെ ഹൃദയത്തിലാണ് സ്ഥിതിചെയ്യുന്നതെന്ന യാഥാർത്ഥ്യം വിസ്മരിക്കാനാവില്ല. കുടിയേറ്റത്തിന്റെ സമയക്രമമനുസരിച്ച് ഒരു

**ആദ്യ ക്രൈസ്തവ കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്വഭാവം കാണിക്കുന്നത് കച്ചവടക്കാരുടെ സഞ്ചാര ചാലുകളിലൂടെയായിരിക്കണം തോമാശ്ലീഹാ പ്രേഷിതപ്രവർത്തനത്തിനായി യാത്രചെയ്തതെന്ന വിവരമാണ്.**

ഭൂമിശാസ്ത്രപരമായ അരോഹണവും കാണപ്പെടുന്നു എന്ന യാഥാർത്ഥ്യം ഈ ക്രൈസ്തവ കൂട്ടായ്മകളുടെ രൂപീകരണം സംബന്ധിച്ച് നിലവിൽ പരാമർശിക്കപ്പെടുന്ന ക്രോണോളജിയിൽ സത്യത്തിന്റെ അംശം കുറച്ചെങ്കിലുമുണ്ട് എന്ന സൂചന കൂടി നൽകുന്നുണ്ട്.

(തുടരും)

നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നതിൽ എന്തു മേന്മയാണുള്ളത് (ലൂക്കാ.6:32).


# ഓക്ലന്റിൽ ടാലന്റ് ഫെസ്റ്റ്

ഓക്ലന്റ് സീറോ മലബാർ കാത്തലിക് മിഷൻ സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ടാലന്റ് ഫെസ്റ്റ് 2012 സംഘടിപ്പിച്ചു. സബ്ജൂണിയർ, ജൂണിയർ, സീനിയർ എന്നീ മൂന്ന് വിഭാഗങ്ങളിലായി 130-ഓളം കുട്ടികൾ പങ്കെടുത്തു. സാഹിത്യരചനാമത്സരങ്ങളും, സ്റ്റേജ് ഇനങ്ങളും ഗ്രൂപ്പ് മത്സരങ്ങളും നടത്തപ്പെട്ടു. ഏപ്രിൽ 21, 22 തീയതികളിൽ എപ്സം കാത്തലിക് പള്ളിയിൽവെച്ചാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. മത്സരങ്ങളെല്ലാം തന്നെ ഉന്നതനിലവാരം പുലർത്തുന്നവയായിരുന്നുവെന്ന് വിധികർത്താക്കൾ അഭിപ്രായപ്പെട്ടു. മാതാപിതാക്കളുടെ അഭൂതപൂർവ്വമായ പങ്കാളിത്തവും സഹകരണവുമാണ് ടാലന്റ് ഫെസ്റ്റിന്റെ വൻവിജയത്തിന് വഴിതെളിച്ചതെന്ന് മിഷൻ ചാപ്ലിൻ ഫാ.ജോയി തോട്ടങ്കര



അഭിപ്രായപ്പെട്ടു. എല്ലാ മത്സരങ്ങളും നിറഞ്ഞ സദസ്സിനു മുന്നിലാണ് അവതരിപ്പിക്കപ്പെട്ടത്. മത്സരങ്ങളിൽ യഥാക്രമം സബ്ജൂണിയർ, ജൂണിയർ, സീനിയർ വിഭാഗങ്ങളിൽ ചാമ്പ്യന്മാരായി അക്ഷിതാ ജോബി, പോൾസ് റജി, ഗ്ലോറിയ ക്ലമന്റ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തെ ആധാരമാക്കിയുള്ള ബൈബിൾ ക്വിസിന്റ പ്രാഥമിക റൗണ്ട് ഏപ്രിൽ 29 ഞായറാഴ്ചയാണ് നടത്തപ്പെടുക. ഷാലി ക്ലമന്റ്, ലിജി ടോമി എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ് മത്സരങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

## കർദിനാൾ മാർ ആലഞ്ചേരി വിശ്വാസ കാര്യാലയ അംഗം



സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെ കത്തോലിക്കാസഭയുടെ വിശ്വാസപ്രബോധന കാര്യാലയത്തിലെ അംഗമായി ബനഡിക്ട് പതിനാറാമൻ മാർപാപ്പ നിയമിച്ചു. അഞ്ചു വർഷത്തേയ്ക്കാണ് നിയമനം. 18 കർദിനാൾമാർ അംഗങ്ങളായുള്ള ഉന്നതാധികാര സമിതിയാണിത്. സഭയുടെ വിശ്വാസ വിഷയങ്ങളിൽ ഈ സമിതിയുമായാണ് മാർപാപ്പ കൂടിയാലോചന നടത്തുന്നത്.

മാർ ആലഞ്ചേരി പാരീസിലെ കത്തോലിക്കാ യൂണിവേഴ്സിറ്റിയിൽ നിന്നും ബൈബിൾ വേദശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. കേരളത്തിലെ കത്തോലിക്കർക്കുവേണ്ടി മതബോധനപുസ്തകങ്ങൾ പ്രസിദ്ധീകരിച്ച കെസിബിസി കമ്മീഷന്റെ സെക്രട്ടറിയായും സീറോ മലബാർ സഭയുടെ വേദപാഠപുസ്തകം തയ്യാറാക്കുന്നതിനുള്ള മൂന്നംഗ മെത്രാൻസമിതിയുടെ ചെയർമാനായുടെ ചെയർമാനായും മാർ ജോർജ് ആലഞ്ചേരി സേവനം ചെയ്തിട്ടുണ്ട്.

# സാമുദായിക നേതൃത്വങ്ങളുടെ ഭരണ ഇടപെടലുകൾ ജനാധിപത്യ അടിത്തറ തകർക്കും:

## സീറോ മലബാർ സഭ അല്മായ കമ്മീഷൻ

തിരുവനന്തപുരം: ഭരണ രാഷ്ട്രീയ രംഗത്ത് സാമുദായിക നേതൃത്വങ്ങൾ നടത്തുന്ന അവകാശവാദങ്ങളും വിലപേശലുകളും കൈകടത്തലുകളും രാജ്യത്തിന്റെ ജനാധിപത്യ മതേതരസംവിധാനത്തെ തകിടംമറിക്കുന്നതും സുസ്ഥിരഭരണത്തിന് വെല്ലുവിളി ഉയർത്തുന്നതുമാണെന്ന് സീറോ മലബാർ സഭ അല്മായ കമ്മീഷൻ.

നാടിനെ നയിക്കേണ്ട ഉത്തരവാദിത്വപ്പെട്ട ഉന്നതമായ ജനകീയപദവികൾ സാമൂദായികമായി വീതംവെയ്ക്കുന്ന പ്രവണത നല്ലതല്ല. സാമുദായിക പ്രീണനങ്ങൾ നടത്തുന്ന രാഷ്ട്രീയ ഭരണ നിലപാടുകൾ വരുംനാളുകളിൽ സർക്കാർസംവിധാനങ്ങളിൽ തകർച്ചയ്ക്കിടനൽകും. കഴിവും, അറിവും, രാഷ്ട്രീയ പശ്ചാത്തലവും, ആദർശശുദ്ധിയും പൊതുജനസേവന മനോഭാവവുമായിരിക്കണം ഉന്നതസ്ഥാനങ്ങളിലേക്ക് ജനപ്രതിനിധികൾക്കുള്ള മാനദണ്ഡങ്ങൾ. സർക്കാർ സംവിധാനങ്ങൾക്കു സമാന്തരമായി സാമൂദായിക നേതാക്കളുടെ ഭരണം നാട്ടിൽ നടപ്പാകുന്ന സ്ഥിതിവിശേഷം വന്നാൽ സാമുദായിക സ്പർദ്ധയ്ക്കും സംഘർഷങ്ങൾക്കും ഭാവിയിൽ ഇടയാകും.

പൊതുതെരഞ്ഞെടുപ്പിലൂടെ ജയിച്ചുവരുന്ന ജനപ്രതിനിധികൾ സമൂദായങ്ങളുടെ ഏജന്റുമാരല്ല; ജനങ്ങളുടെ പ്രതിനിധികളാണ്. വർഷങ്ങളായി രാഷ്ട്രീയ പൊതുപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർ സാമുദായിക പരിഗണകളുടെ പേരിൽ നേതൃത്വനിരയിൽനിന്നു പുറന്തള്ളപ്പെടുന്ന പ്രവണത മൂല്യാധിഷ്ടിത രാഷ്ട്രീയത്തിന്റെ അധഃപതനമാണ്. എല്ലാ ജനവിഭാഗങ്ങളേയും ജാതിമതവർഗ്ഗ ചിന്തകൾക്കതീതമായി കോർത്തിണക്കി പ്രവർത്തിക്കുവാൻ ഭരണനേതൃത്വങ്ങൾ തയ്യാറാകുമ്പോൾ മാത്രമേ നാട്ടിൽ വികസനവും വളർച്ചയും സാധ്യമാകൂ. ഇത്തരം വികസനോന്മുഖവും ജനകീയവുമായ പ്രവർത്തനങ്ങൾക്ക് ശക്തിപകരുകയാണ് സമുദായങ്ങൾ ചെയ്യേണ്ടതെന്നും അല്മായ കമ്മീഷൻ സെക്രട്ടറി അഡ്വ.വി.സി. സെബാസ്ററ്യൻ സൂചിപ്പിച്ചു.

# പ്രേഷിതചൈതന്യമേകി മിഷനറി സംഗമം




**ഭാരത സഭ ഒരു കുടക്കീഴിൽ രാമപുരത്ത്**

ആഗോള സഭയ്ക്ക് അനേകായിരം മിഷനറിമാരെ സമ്മാനിച്ച പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സീറോ മലബാർ സഭയുടെ പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് നടന്ന മിഷനറി സംഗമത്തിന് അഭിവന്ദ്യരായ സഭാപിതാക്കന്മാരുടെ സാന്നിധ്യത്തിൽ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് മോസ്റ്റ് റവ. സാൽവത്തോറെ പെനാക്കിയോ തിരികൊളുത്തുന്നു.

## Mar George Cardinal Alencherry inaugurated catechetical conference at Bangalore




*Seated from left Mrs Eliamma Jacob, Rev,Dr. Mathew Koikara cmi Bangalore Mission Coordinator, Rev. Fr. Davis Panadan cmi Director catechism, Mr. K. P. Chackappan Laity coordinator Bangalore.*

His Beatitude Cardinal Mar George Alencherry inaugurated the joint celebration of the first anniversary of the common catechetical conference at Blessed chavara parish Hall EJIPURA, being the Bangalore Syro Malabar catechetical centre .

Cardinal addressed the gathering consisting of all catechetical teachers from all Syro Malabar parishes,parish priests,rank students and the parent community, trustees and other representatives of all the 22 parishes in Bangalore to participate in the function.

It was the first visit of the Major Arch Bishop in any parish in Bangalore after becoming Cardinal. Rev. Dr. Mathew Koikara, co-ordinator Syro Malabar Mission Bangalore gave the welcome speech. Cardinal gave the inaugural address while he appreciated the arrangements made for the catechisis under the general guidance of the coordinator and under the particular direction of Rev Fr Davis Panadan CMI, Director catechism and also the vicar of the Blessed Chavara parish Ejipura, Bangalore.

Major Archbishop emphasized the necessity of our faith formation among the migrant children as they go to school. Mr K.P.Chackappan Syro malabar Bangalore laity coordinator made the felicitation and Rev fr Davis Panadan CMI, Director proposed the vote of thanks . Cardinal gave the awards for the ranking students and teachers who have completed teaching catechism for more than 10 years. Later cardinal celebrated the Holy Mass and participa- ted in the silver jubilee celebrations of the parish.

# LAITY VOICE

Syro Malabar Major Archiepiscopal Church
Commission for Laity




# സഭയുടെ ഏഴു കൂദാശകൾ

**കഴിഞ്ഞ ലക്കം തുടർച്ച.......**


**എന്താണ് വിവാഹസമ്മതം?**
**വിശ്വസ്തവും ഫലദായകവുമായ സ്നേഹത്തിന്റെ ഉടമ്പടി ജീവിക്കുക എന്ന ലക്ഷ്യത്തോടെ, തങ്ങളെത്തന്നെ പരസ്പരവും ആത്യന്തികവുമായി നൽകുന്നതിന് ഒരു സ്ത്രീയും ഒരു പുരുഷനും തങ്ങളുടെ തീരുമാനം പ്രകാശിപ്പിക്കുന്നതാണ് വൈവാഹികസമ്മതം.**


## വിവാഹമെന്ന കൂദാശ

*ഏതുരീതിയിലാണ് പാപം വിവാഹത്തിന് ഭീഷണിയായിരിക്കുന്നത്?*

ആദിപാപത്തിന്റെ ഫലമായി, സ്രഷ്ടാവ് നൽകിയ സ്ത്രീ-പുരുഷ സംസർഗത്തിൽ വിള്ളലുണ്ടായി. ദാമ്പത്യ ഐക്യം മിക്കപ്പോഴും വിയോജിപ്പിനാലും അവിശ്വസ്തതയാലും ഭീഷണിക്ക് വിധേയമായി. എന്നിരുന്നാലും ദൈവം തന്റെ അനന്തമായ കാരുണ്യത്തിൽ, ആദിമ ദൈവിക പദ്ധതിപ്രകാരം ജീവിത ഐക്യം സാക്ഷാത്കരിക്കുന്നതിനുള്ള കൃപ പുരുഷനും സ്ത്രീക്കും നൽകുന്നുണ്ട്.

*എന്താണ് വിവാഹത്തെക്കുറിച്ച് പഴയനിയമം പഠിപ്പിക്കുന്നത്?*

പ്രധാനമായും നിയമത്തിന്റെയും പ്രവാചകരുടേയും ബോധനരീതികളിലൂടെ, വിവാഹത്തിന്റെ ഏകതയുടേയും അവിഭാജ്യതയുടേയും അവബോധം ക്രമാനുഗതമായി പക്വത പ്രാപിക്കുവാൻ ദൈവം തന്റെ ജനത്തെ സഹായിക്കുന്നു. ഇസ്രായേലുമായുള്ള ദൈവത്തിന്റെ വൈവാഹിക ഉടമ്പടി, ദൈവപുത്രനായ യേശുക്രിസ്തു തന്റെ വധുവായ സഭയുമായി പൂർത്തീകരിച്ച പുതിയ ഉടമ്പടിയിലേയ്ക്ക് ഒരുക്കുകയും അതിനെ മുന്നവതരിപ്പിക്കുകയും ചെയ്യുന്നതാണ്.

*വിവാഹത്തിന് ക്രിസ്തു നൽകിയ നവീനത എന്താണ്?*

ദൈവം ആഗ്രഹിച്ച ആദിമക്രമം യേശുക്രിസ്തു പുനഃസ്ഥാപിക്കുക മാത്രമല്ല ചെയ്യുന്നത്, കൂദാശയുടെ പുതിയ മഹത്വത്തിൽ വിവാഹം ജീവിക്കുന്നതിനുള്ള കൃപ അവിടുന്ന് നൽകുകയും ചെയ്യുന്നു. സഭയോടുള്ള തന്റെ ദാമ്പത്യ സ്നേഹത്തിന്റെ അടയാളമാണ് ഈ കൂദാശ:“ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കുവിൻ” (എഫേ.5:25).

*വിവാഹം എല്ലാവർക്കും നിർബന്ധമുള്ള കാര്യമാണോ?*

വിവാഹം എല്ലാവർക്കും നിർബന്ധമുള്ള കാര്യമല്ല. ദൈവരാജ്യത്തിനുവേണ്ടിയുള്ള കന്യാവ്രതത്തിന്റെയും ബ്രഹ്മചര്യത്തിന്റെയും വഴിയിൽ, കർത്താവായ യേശുവിനെ അനുഗമിക്കുവാൻ ദൈവം ചില സ്ത്രീപുരുഷന്മാരെ സവിശേഷമായി വിളിക്കാറുണ്ട്. കർത്താവിന്റെ കാര്യങ്ങളിൽ കൂടുതൽ വ്യാപൃതരാകുന്നതിനും അവിടുത്തെ പ്രീതിപ്പെടുത്തുവാൻ പരിശ്രമിക്കുന്നതിനും വേണ്ടി വലിയ നന്മയായ വിവാഹം അവർ ഉപേക്ഷിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും അവിടുത്തെ മഹത്വപൂർണ്ണമായ വരവിനെ തീക്ഷ്ണതയോടെ കാത്തിരിക്കുന്നതിന്റെയും പരമമായ പ്രാമുഖ്യത്തിന്റെ അടയാളമായി അവർ തങ്ങളെത്തന്നെ മാറ്റുന്നു.

*വിവാഹമെന്ന കൂദാശ എങ്ങനെയാണ് പരികർമ്മം ചെയ്യുന്നത്?*

സഭയിൽ പരസ്യമായ ഒരു പദവിയുടെ ജീവിതം ദമ്പതികൾക്ക് വിവാഹം നൽകുന്നതുകൊണ്ട് അതിന്റെ ലിറ്റർജിക്കൽ ആഘോഷം പുരോഹിതന്റെയും (അഥവാ സഭയുടെ യോഗ്യതയുള്ള സാക്ഷിയുടെ) മറ്റു സാക്ഷികളുടെയും സാന്നിധ്യത്തിൽ പരസ്യമായി നടത്തണം.

*എന്താണ് വിവാഹസമ്മതം?*

വിശ്വസ്തവും ഫലദായകവുമായ സ്നേഹത്തിന്റെ ഉടമ്പടി ജീവിക്കുക എന്ന ലക്ഷ്യത്തോടെ, തങ്ങളെത്തന്നെ പരസ്പരവും ആത്യന്തികവുമായി നൽകുന്നതിന് ഒരു സ്ത്രീയും ഒരു പുരുഷനും തങ്ങളുടെ തീരുമാനം പ്രകാശിപ്പിക്കുന്നതാണ് വൈവാഹികസമ്മതം. വിവാഹത്തെ യാഥാർത്ഥ്യമാക്കുന്നത് സമ്മതമാകയാൽ, അത് ഒഴിച്ചുകൂടാനാവാത്തതും പകരം വയ്ക്കാനാവാത്തതുമാണ്. വിവാഹം സാധ്യമാക്കുവാൻ, യഥാർത്ഥ വിവാഹം തന്നെ വിവാഹ സമ്മതത്തിന്റെ വിഷയമായിട്ടുണ്ടാകണം. അതു ബോധപൂർവവും സ്വതന്ത്രവുമായ ഒരു മാനുഷിക പ്രവൃത്തിയുമായിരിക്കണം; നിർബന്ധത്താലോ ബലാൽക്കാരത്താലോ നിശ്ചയിക്കപ്പെടുന്നതാകരുത്.

*പങ്കാളികളിൽ ഒരാൾ കത്തോലിക്കാവിശ്വാസി അല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?*

മിശ്രവിവാഹങ്ങൾ (കത്തോലിക്കരും മാമ്മോദീസ സ്വീകരിച്ച അകത്തോലിക്കരും തമ്മിലുള്ള വിവാഹം) നിയമാനുസൃതമാകുന്നതിന് സഭാധികാരിയുടെ അനുവാദം ആവശ്യമുണ്ട്. ഇതരമതത്തിൽപ്പെട്ടവരുടേത് (കത്തോലിക്കരും മാമ്മോദീസ സ്വീകരിക്കാത്തവരും) സാധുവാകുന്നതിന് തടസ്സമൊഴിവാക്കുന്ന വ്യക്തമായ കല്പന വേണം. ഇപ്പറഞ്ഞ ഏതു വിവാഹം ആയാലും ദമ്പതികൾ വിവാഹത്തിന്റെ ലക്ഷ്യങ്ങളുടെയും അതിന്റെ അടിസ്ഥാനപരമായ സ്വാഭാവിക ഗുണങ്ങളുടേയും അംഗീകരണം ഒഴിവാക്കാൻ പാടില്ലായെന്നത് പ്രധാനമാണ്. കൂടാതെ, കത്തോലിക്കാ പങ്കാളി സ്വന്തം വിശ്വാസം സംരക്ഷിക്കാനും കുട്ടികൾക്ക് ജ്ഞാനസ്നാനവും കത്തോലിക്കാ വിശ്വാസത്തിൽ വിദ്യാഭ്യാസവും നൽകാനുമുള്ള കടമ സ്ഥിരീകരിക്കുകയും വേണം. മറ്റേ പങ്കാളിക്ക് ഇതേക്കുറിച്ച് വ്യക്തമായ അറിവും ഉണ്ടായിരിക്കണം.


(തുടരും)



**Mount St. Thomas, Kakkanad, Kochi 682 021**
**Correspondence: Pastoral Centre, P.B.No 22, Kanjirapally-686 007, Kottayam Dt. Kerala**
**Ph: +91 4828 203080, 9447355512, 0484 2424768, Fax: 04828 206022**
**Chief Editor: Adv. V. C. Sebastian, Secretary, Commission for laity**
**e-mail: laitycommission@gmail.com, syromalabarchurchlaity@gmail.com**
**Website: www.laitycommission.com**



LAYOUT: SHAJU CHACKO